# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂൺ 20 | ദീപം 57 | നാളം 15 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ഇന്ത്യ തിളങ്ങുന്നു ജനാധിപത്യത്തിന്റെ വിശുദ്ധിയിൽ




അഡ്വ. വി.സി. സെബാസ്റ്റ്യൻ


**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്ത് ഒന്നരമാസക്കാലമായി നടന്ന പൊതുതിരഞ്ഞെടുപ്പുപ്രക്രിയയ്ക്കുശേഷമുള്ള വിധിപ്രഖ്യാപനം ജനാധിപത്യത്തിന്റെ വിശുദ്ധിയും ഭരണഘടനയുടെ പവിത്രതയും ഉയർത്തിപ്പിടിക്കുന്നു. ചില മാധ്യമങ്ങളുടെയും വിദഗ്ധരുടെയും തിരഞ്ഞെടുപ്പു വിശകലനങ്ങളും പ്രവചനങ്ങളും വെറുംവാക്കായി മാറുകയും അവകാശവാദങ്ങൾ പച്ചക്കള്ളമെന്ന് ഇന്ത്യൻജനത തെളിയിക്കുകയും ചെയ്തു. മൃഗീയ ഭൂരിപക്ഷവുമായി മൂന്നാമതും അധികാരത്തിലേറാൻ കച്ചകെട്ടി തേരോട്ടം നടത്തിയ എൻഡിഎയ്ക്കു കൂച്ചുവിലങ്ങിട്ട് രാജ്യത്തു ശക്തമായ പ്രതിപക്ഷസാന്നിധ്യം കോൺഗ്രസ്നേതൃത്വ ഇന്ത്യാമുന്നണി തെളിയിച്ചിരിക്കുമ്പോൾ, തുടർച്ചയായി മൂന്നാമതും അധികാരത്തിലേറിയ നരേന്ദ്രമോദിസർക്കാരിനു മുൻകാലങ്ങളിലേതുപോലെ കാര്യങ്ങളിനി എളുപ്പമാകില്ല. ഉറപ്പുള്ള ഭരണവും സുശക്തമായ പ്രതിപക്ഷവും ഇന്ത്യൻജനാധിപത്യത്തിന്റെ മുഖമുദ്രയെന്നു കാലം വീണ്ടും തെളിയിച്ചു. ഭരണഘടന ഉറപ്പുവരുത്തുന്ന മതേതര കാഴ്ചപ്പാടുകളും ജനാധിപത്യമൂല്യങ്ങളും തകർത്തെറിയാൻ ആരെയും അനുവദിക്കില്ലെന്ന ഒരു ജനസമൂഹത്തിന്റെ ഉറച്ച തീരുമാനം അധികാരകേന്ദ്രങ്ങൾക്ക് തുടർന്നുള്ള നാളുകളിൽ ചൂണ്ടുപലകയാണ്.

മൂന്നാംതവണ അധികാരത്തിലേറിയെങ്കിലും 18-ാം ലോകസഭാതിരഞ്ഞെടുപ്പ് നരേന്ദ്രമോദിയുടെ മോടിക്കേല്പിച്ച മങ്ങൽ ചില്ലറയൊന്നുമല്ല. പത്തു വർഷത്തെ ഒറ്റയ്ക്കു ഭൂരിപക്ഷമുള്ള കൂട്ടുഭരണത്തിനുശേഷം മൂന്നാമൂഴത്തിൽ ഒറ്റയ്ക്കുള്ള കേവല ഭൂരിപക്ഷം നഷ്ടപ്പെട്ടു സഖ്യകക്ഷികളെ ആശ്രയിക്കേണ്ട സാഹചര്യം ബിജെപിക്കുയർത്തുന്ന വെല്ലുവിളി നിസ്സാരമല്ല. ഭരണത്തിന്റെ നിയന്ത്രണച്ചരട് സഖ്യകക്ഷികളുടെ കൈകളിലേക്ക് ഇനിയുള്ള നാളുകളിൽ വഴുതിമാറും. ഭരണസംവിധാനത്തിനുള്ളിൽ ഭരണം കൈയാളുന്ന ബദൽശക്തികൾ പത്തിവിരിച്ചാടും. ആർഎസ്എസ് ആസ്ഥാനത്തു രൂപപ്പെടുന്ന പദ്ധതികൾ അതേപടി ഭരണത്തിൽ നടപ്പാക്കാൻ സാധിക്കാത്ത നിസ്സഹായതയിൽ സഖ്യകക്ഷികളുടെ മുമ്പിൽ മുഖ്യകക്ഷിക്കു യാചിച്ചുനിൽക്കേണ്ട ഗതികേട്. ഒറ്റവാക്കിൽ പറഞ്ഞാൽ, 2024 ലെ പൊതുതിരഞ്ഞെടുപ്പിൽ ജയിച്ചതും മോദി; തോറ്റതും മോദി.

## ഇന്ത്യയുടെ ആത്മാവ്

ഭരണത്തിന്റെ ഏകാധിപത്യശൈലി ജനാധിപത്യരാജ്യം തള്ളിക്കളയുന്നുവെന്ന് തിരഞ്ഞെടുപ്പുഫലങ്ങൾ വ്യക്തമാക്കുന്നു. ഭരണശൈലികളിൽ മാറ്റവും പുതുഘടനയുമുണ്ടാകണം. ജനകീയവിഷയങ്ങളും പ്രശ്നങ്ങളും കൂടുതലായി പൊതുവേദികളിൽ ചർച്ചചെയ്യപ്പെടണം. അടിച്ചേല്പിക്കുന്ന നിയമനിർമാണങ്ങൾ ഇനി വിലപ്പോവില്ല. വർഗീയവിഷം ചീറ്റിയുള്ള നിയമനിർമാണങ്ങൾക്കും വർഗീയ തീവ്രവാദസംഘടനകളെ കയറൂരിവിട്ടുള്ള ആക്രമങ്ങൾക്കും ഹിന്ദി മേഖലയിൽ തിരിച്ചടി കിട്ടിയതു തിരിച്ചറിയണം. നാനാത്വത്തിൽ ഏകത്വമെന്ന ഭാരതത്തിന്റെ ചൈതന്യം നഷ്ടപ്പെടരുത്. മതം, ഭാഷ, വിശ്വാസപ്രമാണങ്ങൾ, ജീവിതശൈലി, രാഷ്ട്രീയം, സംസ്കാരം എന്നിവയെല്ലാം ഈ മണ്ണിൽ നിലനിർത്തണം. ആർഷഭാരത സംസ്കാരമെന്നത് ഭാരതം ലോകത്തിനു നൽകിയ സംഭാവനയും ഇന്ത്യയുടെ ചൈതന്യവുമാണ്. ഭരണഘടനയാകട്ടെ, ഇന്ത്യയുടെ ആത്മാവും. ഭരണഘടനാ ശില്പികളുടെ ദീർഘവീക്ഷണവും കാഴ്ചപ്പാടുകളും അധികാരത്തിലേറുന്ന പുതുതലമുറയും കാണാതെ പോകരുതെന്നും ഭരണഘടന ഭാരതമക്കൾക്ക് ഉറപ്പുതരുന്ന സ്വാതന്ത്ര്യവും സമത്വവും അട്ടിമറിക്കാൻ ആരെയും അനുവദിക്കില്ലെന്നുമുള്ള മുന്നറിയിപ്പു കൂടിയാണ് ഈ തിരഞ്ഞെടുപ്പുഫലം. വോട്ടിംഗ്മെഷീനുകളിലെ കൃത്രിമത്വത്തെക്കുറിച്ചു വലിയ പരാതികളില്ല. വൻ അഴിമതിയാരോപണങ്ങളും ഉയർന്നില്ല. രാജ്യം ഏകാധിപത്യത്തിലേക്കു പോകുമെന്ന ആശങ്കയും ഫലത്തിൽ പരിഹരിക്കപ്പെട്ടു.

## ജനങ്ങളെ വെല്ലുവിളിക്കരുത്

ഭരണത്തോടൊപ്പം കേന്ദ്രസർക്കാർ നടത്തിയ പല ജനദ്രോഹനിയമനിർമാണങ്ങളും ഭരണകക്ഷി നേരിട്ട തിരിച്ചടിയുടെ മുഖ്യകാരണങ്ങൾതന്നെ. ഗ്രാമീണകാർഷികമേഖലയ്ക്കു കനത്ത ആഘാതമേല്പിച്ച കർഷകവിരുദ്ധ കരിനിയമങ്ങളും അതിനെതിരെയുള്ള കർഷകപ്രക്ഷോഭവും കനലായും അഗ്നിജ്വാലയായും ഹിന്ദിയുടെ ഹൃദയഭൂമിയിൽ കേന്ദ്രസർക്കാരിനെ വിഴുങ്ങി. മതപരിവർത്തന നിരോധനനിയമത്തിന്റെ മറവിൽ ന്യൂനപക്ഷങ്ങൾക്കുനേരെ വർഗീയഗ്രൂപ്പുകൾ നടത്തിയ കടന്നാക്രമണങ്ങളും അഴിഞ്ഞാട്ടവും തിരിച്ചടിയായി. ഏകീകൃത സിവിൽകോഡും ഏകീകൃത നികുതിയും, 'ഒരു രാജ്യം ഒറ്റ തിരഞ്ഞെടുപ്പ്' എന്ന പുതിയ നയവുമെല്ലാം ആശയപരമായി പുരോഗമനമെങ്കിലും ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യങ്ങളെയും ഫെഡറൽസംവിധാനങ്ങളെയും മതവിശ്വാസങ്ങളെയും വെല്ലുവിളിക്കുന്നതാണെന്നു ജനം തിരിച്ചറിഞ്ഞു പ്രതികരിച്ചു. സാധാരണജനങ്ങളുടെ ജീവിതത്തെ വെല്ലുവിളിച്ച് ഒരു സർക്കാരിനും ഭാരതമണ്ണിൽ നിലനില്പില്ലെന്ന് തുടർഭരണം ലഭിച്ചാലും ഓർമപ്പെടുത്തുന്നു. മണിപ്പൂരിൽ സമാധാനം സാധ്യമാക്കുന്നതിലുണ്ടായ പരാജയവും ചൈനാതിർത്തിയിൽ തുടരുന്ന സംഘർഷസാഹചര്യങ്ങളും നോട്ടുനിരോധനത്തിന്റെ ആഘാതങ്ങളും ഭരണഘടന അട്ടിമറിക്കപ്പെടുമോയെന്ന ആശങ്കയും അധികാരത്തെ വിമർശിക്കുന്നവരെ അടിച്ചമർത്തുന്ന സമീപനവും പാർലമെന്റിൽ അതിവേഗം പാസാക്കുന്ന ബില്ലുകളും തിരഞ്ഞെടുപ്പിൽ ഭരണമുന്നണിക്കു തിരിച്ചടിയായി.

## ശക്തമായ പ്രതിപക്ഷം വേണം

ശക്തമായ പ്രതിപക്ഷമില്ലാതിരുന്നതിന്റെ മറവിൽ ഏകാധിപത്യം അടിച്ചേല്പിക്കാനൊരുങ്ങിയ കേന്ദ്രഭരണത്തിനെതിരേയുള്ള വിധിയെഴുത്തായും തിരഞ്ഞെടുപ്പുഫലംമാറി. ജനാധിപത്യത്തിന്റെ അന്തഃസത്ത രാജ്യത്തെ പ്രതിപക്ഷത്തിന്റെ ശബ്ദവും ശ്രവിക്കാനുള്ള ഭരണാധികാരികളുടെ തുറന്ന സമീപനവുമാണ്.

വിമർശനങ്ങളെ അടിച്ചമർത്തുന്ന ഏകാധിപത്യശൈലിക്കു ജനാധിപത്യത്തിൽ സ്ഥാനമില്ല. ദുർബലമായ പ്രതിപക്ഷമല്ല ആത്മവിശ്വാസവും ചങ്കുറപ്പും തന്റേടവുമുള്ള ക്രിയാത്മകമായ പ്രതിപക്ഷമാണു വേണ്ടത്. ഇന്ത്യ ആ ദിശയിലേക്ക് 2024 ൽ മാറിച്ചിന്തിക്കാൻ തുടങ്ങുന്നത് പ്രതീക്ഷയേകുകയും ജനാധിപത്യത്തിന്റെ അന്തസ്സ് ഉയർത്തുകയും ചെയ്യുന്നു.

## രാജ്യാന്തരബന്ധം ജനക്ഷേമം

ഇന്ത്യയുടെ രാജ്യാന്തരബന്ധങ്ങളിൽ കഴിഞ്ഞ നാളുകളിലെ മോദി ഭരണത്തിലുണ്ടായ കുതിച്ചുചാട്ടം പ്രശംസനീയമാണ്. അന്തർദേശീയവേദികളിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തിപ്പിടിക്കാൻ നരേന്ദ്രമോദിക്കായിയെന്ന പരമാർഥം നിഷേധിക്കാനാവില്ല.

▶ 8

# വായന വെളിച്ചത്തിന്റെ വാതിൽ



**സോമൻ കടലൂർ**

**ജൂൺ 19 വായനദിനം**

**വാ**യിച്ചു വളരുക; ചിന്തിച്ചു വിവേകം നേടുക എന്ന വിശുദ്ധസന്ദേശവുമായി കേരളത്തിന്റെ ഗ്രാമങ്ങളിലും നഗരവീഥികളിലും ജനപഥങ്ങളിലും സഞ്ചരിക്കുകയും കേരള ഗ്രന്ഥശാലാ പ്രസ്ഥാനം എന്ന ഉജ്ജ്വലമായ സാംസ്കാരികസ്ഥാപനം കെട്ടിപ്പടുക്കുകയും ചെയ്ത മഹാനായ പി.എൻ. പണിക്കരുടെ ഓർമ പുതുക്കുന്ന ദിനമാണ് ജൂൺ 19. പി.എൻ.പണിക്കരെമാത്രമല്ല, കേരളത്തിനു സാംസ്കാരികവിദ്യാഭ്യാസം നൽകിയ ചെറുതും വലുതുമായ അനേകം വായനശാലകളെയും അതിന്റെ ചാലകശക്തികളായ അസംഖ്യം പ്രവർത്തകരെയും ഈ ദിനത്തിൽ നമ്മൾ ഹൃദയപൂർവം ഓർമിക്കുന്നു. ആ ഓർമ അർഥപൂർണമാകണമെങ്കിൽ വായനയുടെ സ്വർഗത്തിലേക്കു നമ്മൾ സഞ്ചരിക്കേണ്ടതുണ്ട്. പുസ്തകം കണ്ണുപോലെയാണെന്നു കവി പറയുന്നു. അടച്ചാൽ അന്ധകാരം തുറന്നാൽ വെളിച്ചം. വായന വാതിൽ തുറന്നിടുമ്പോൾ ആ വെളിച്ചത്തിന്റെ ലോകത്തിലേക്കു നമ്മൾ പതുക്കെ എത്തിച്ചേരുന്നു. മികച്ച ഓരോ പുസ്തകവും ഓരോ പ്രകാശഗോപുരമാണ്. അതു പ്രസരിപ്പിക്കുന്ന വെളിച്ചമുണ്ടല്ലോ; അതു നമുക്ക് ജീവിതത്തിൽ എക്കാലത്തും വഴികാട്ടികളാവുന്നു. ആപൽഘട്ടങ്ങളെ തരണം ചെയ്യാനുള്ള ആത്മവിശ്വാസം നൽകുന്നു. അറിവിന്റെ ചക്രവാളാതിർത്തിക്കപ്പുറത്തേക്കു സ്വതന്ത്രമായി മേയാൻ മനസ്സിനെ പ്രേരിപ്പിക്കുന്നു. നമ്മുടെ ബുദ്ധിയെയും ചിന്തകളെയും പരിപോഷിപ്പിക്കുന്നവിധത്തിൽ അവ മനുഷ്യനു പുതിയ ആകാശവും ഭൂമിയും നൽകുന്നു. ചിന്തകൾക്കു ചിറകു നൽകുന്നു. വായനയുടെ മാന്ത്രികവിളക്കിൽ തെളിഞ്ഞ അനുഭവങ്ങളാണ് പിന്നീട് ജീവിതത്തിലുടനീളം പ്രകാശം പരത്തുന്നത്. പുസ്തകം മനുഷ്യനെ പൂർണ മനുഷ്യനാക്കുമെന്നു പറഞ്ഞ ഫ്രാൻസിസ് ബേക്കൺ മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്: കാലമെന്ന ആഴക്കടലിൽ നീന്തുന്നവർക്ക് ലക്ഷ്യത്തുറമുഖത്തെത്താൻ സഹായിക്കുന്ന വിളക്കുമാടമായി മാറുന്നത് അമൂല്യഗ്രന്ഥങ്ങളാണ്.

അറിവിനെക്കാളും വലുതാണ് ഭാവനാശേഷി എന്ന് ഐൻസ്റ്റൈൻ പറയുന്നുണ്ട്. മനുഷ്യൻ ഇന്നേവരെ ആർജിച്ച നേട്ടങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും അടിസ്ഥാനം ഭാവനയുടെ പ്രവർത്തനംതന്നെയാണ്. വായനയിലാണ് നമ്മുടെ ഭാവന പ്രചലിതമാവുന്നത്, പ്രവർത്തനസജ്ജമാവുന്നത്. ഭാവിയെ രൂപപ്പെടുത്തുന്നതാണ് ഭാവന എന്നു പറയാറുണ്ട്. ഇന്നത്തെ വായനക്കാരാണ് നാളത്തെ എല്ലാ രംഗത്തുമുള്ള ജേതാക്കളെന്നും നമുക്കറിയാം.

നല്ല ഗ്രന്ഥങ്ങൾ നല്ല ചങ്ങാതിമാരെപ്പോലെയാണ്. അറിവുകൊണ്ടും അനുഭൂതികൊണ്ടും ആഹ്ലാദംകൊണ്ടും എല്ലാക്കാലത്തും പുസ്തകങ്ങൾ നമ്മെ ചേർത്തുപിടിക്കുന്നു, തിരുത്തുന്നു, വളർത്തുന്നു. സൗഹൃദത്തിന്റെ പദവി നൽകി നമ്മൾ സമാദരിക്കുന്ന പുസ്തകങ്ങളുടെ വായന നമുക്ക് ആനന്ദമാണ്, ആശ്വാസമാണ്, ആശ്രയമാണ്. നമുക്ക് വീണ്ടും വീണ്ടും ചെല്ലാവുന്ന പ്രിയപ്പെട്ട ഇടമാണ് പുസ്തകങ്ങൾ. വീണ്ടും വീണ്ടും തുറന്നുനോക്കാവുന്ന വിലപ്പെട്ട സമ്മാനമാണ് പുസ്തകങ്ങൾ.

ജീവിതത്തിലെ എല്ലാറ്റിനെക്കുറിച്ചും എന്തെങ്കിലും ചിലത് നമ്മൾ വായിച്ചിരിക്കണം. ചിലതിനെക്കുറിച്ച് അറിയാവുന്നതെല്ലാം വായിച്ചിരിക്കുകയും വേണം. ഒരുപാടു വായിക്കുക മാത്രമല്ല, വായിച്ചതിൽനിന്ന് ഒരുപാട് ഉൾക്കൊള്ളുകയെന്നതാണ് സുപ്രധാനം. ആയിരം പേജ് അലസമായി വായിച്ചു പോകുന്നതിനെക്കാൾ എത്രയോ ഗുണമുണ്ടാവും അരപ്പേജ് അറിഞ്ഞുകൊണ്ടു വായിക്കുന്നതിന്.

> ബുദ്ധികൊണ്ടുമാത്രം നേടുന്ന വിദ്യാഭ്യാസം വിദ്യാഭ്യാസമേയല്ല. വായനയിലൂടെ, പ്രത്യേകിച്ച് സാഹിത്യവായനയിലൂടെ ഹൃദയത്തെക്കൂടി സംസ്കരിക്കാൻ കഴിയുമ്പോഴാണ് വിവേകപൂർണമായി വിദ്യാഭ്യാസം മാറുന്നത്. പുസ്തകങ്ങൾ ധാരാളമുള്ള വീട് പൂക്കൾ നിറഞ്ഞുനിൽക്കുന്ന ആരാമംപോലെയും പുസ്തകമില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരംപോലെയുമാണ്.

നമുക്കറിയാം, വായിക്കുന്നതിനനുസരിച്ച് നമ്മുടെ ചിന്താശേഷി വർദ്ധിക്കുമെന്ന്. ചിന്താശേഷി വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ വായനയുടെ നിലവാരവും മാറിവരും. പുസ്തകത്തിൽനിന്ന് അകന്നുകഴിയുന്നവർ ഇന്ധനമില്ലാത്ത വാഹനംപോലെ ജീവിതത്തിൽ ഏതെങ്കിലും ഘട്ടത്തിൽ നിശ്ചലമായിപ്പോകും. എപ്പോൾ നമ്മൾ വായന നിർത്തുന്നോ അപ്പോൾ നാം മരിക്കാൻ തുടങ്ങുന്നു എന്ന വചനം നാമോർക്കണം. ആ ഓർമ പതുക്കെ നമ്മെ വായനശീലത്തിലേക്ക് എത്തിക്കുമെന്നുറപ്പാണ്. വായനയാണ് ഏറ്റവും നല്ല ശീലം. ബാക്കി ശീലങ്ങളെല്ലാം തനിയെ വന്നോളും. വ്യക്തിത്വത്തെ സമഗ്രമായി ഉയർത്തുന്നതു പുസ്തകവായനയാണ്. ഒരു ക്ലാസിക്കൃതി വായിക്കുന്നതിനു മുമ്പുള്ള നമ്മളായിരിക്കില്ല, അതു വായിച്ചതിനു ശേഷം. അടിമുടി ആന്തരികമായി നമ്മൾ പുതുക്കപ്പെടും, നവീകരിക്കപ്പെടും. അദ്ഭുതലോകത്തിലെ ആലീസും അദ്ഭുതവാനരൻമാരും മാണിക്യക്കല്ലും ഒരു കുടയും കുഞ്ഞുപെങ്ങളും ഉണ്ണിക്കുട്ടന്റെ ലോകവുമെല്ലാം കുഞ്ഞുങ്ങളുടെ ഭാവനയെ സമ്പൽസമൃദ്ധമാക്കും. രാമായണവും മഹാഭാരതവും ഇലിയഡും ഒഡീസിയും ഉൾപ്പെടെയുള്ള ഇതിഹാസങ്ങളുടെ വായന നമ്മുടെ ചിന്തയുടെയും മനസ്സിന്റെയും ചക്രവാളങ്ങളെ വികസിപ്പിക്കും.

എല്ലാ പുസ്തകങ്ങളും ഒരു ജീവിതകാലംകൊണ്ടു വായിക്കാൻ ആർക്കും കഴിഞ്ഞെന്നുവരില്ല. എന്നാൽ, മികച്ച പുസ്തകങ്ങൾ മിക്കതും നമ്മുടെ വായനയുടെ ഭാഗമാക്കി മാറ്റാൻ നമുക്കു കഴിയണം. ലോകത്തെ നിർണായകമായി സ്വാധീനിച്ച പുസ്തകങ്ങൾ, വലിയ മാറ്റങ്ങൾക്ക് ഇന്ധനമായ പുസ്തകങ്ങൾ, ക്ലാസിക്സ്വഭാവമുള്ള ഗ്രന്ഥങ്ങൾ, ഓരോ രാജ്യത്തിന്റെയും മികച്ച സംഭാവനകളായ കൃതികൾ തുടങ്ങിയവ വായിക്കാൻ നമ്മൾ സമയം കണ്ടെത്തണം.

നല്ല പുസ്തകങ്ങൾ നമ്മുടെ മാനസികാരോഗ്യത്തെ ശക്തിപ്പെടുത്തും. നാം ഭക്ഷിക്കുന്നതെന്തോ അതാണ് നമ്മൾ എന്നു പറയാറുണ്ട്. അതുപോലെ, നാം വായിക്കുന്നതെന്തോ അതാണ് നമ്മൾ. മക്കൾ ഒരു നേരം ഭക്ഷണം കഴിച്ചിട്ടില്ലെങ്കിൽ വേവലാതിപ്പെടുന്ന ഒരമ്മ, അവർ പുസ്തകം വായിച്ചിട്ടില്ലെങ്കിൽ അതുപോലെ തന്നെ വേവലാതിപ്പെടണം. മക്കൾ നല്ല വസ്ത്രം ധരിച്ച് അന്തസ്സോടെ പെരുമാറാൻ കൊതിക്കുന്ന ഒരച്ഛൻ, അവർ നല്ല പുസ്തകങ്ങൾ വായിച്ച് ആന്തരിക ചൈതന്യമുള്ളവരായി മാറാനും ആഗ്രഹിക്കണം. പാഠപുസ്തകത്തിലെ കാര്യങ്ങൾ ഉൾക്കൊണ്ട് തന്റെ വിദ്യാർഥികളുടെ കണ്ണുകൾ തിളങ്ങുമ്പോൾമാത്രമല്ല, ഒരധ്യാപകൻ അല്ലെങ്കിൽ അധ്യാപിക അഭിമാനിയാകേണ്ടത്; മറിച്ച്, പാഠങ്ങൾക്കപ്പുറത്തുള്ള പുസ്തകങ്ങൾ വായിച്ച് വിദ്യാർഥികൾ അവരുടെ ഉൾക്കണ്ണ് തെളിയിക്കുമ്പോൾകൂടിയാണ്. പുസ്തകങ്ങളെപ്പോലെ ആനന്ദപ്രദമായ ഒരു ഗൃഹോപകരണമില്ല എന്നു സാധാരണ പറയാറുണ്ട്. പുസ്തകങ്ങൾ ധാരാളമുള്ള വീട് പൂക്കൾ നിറഞ്ഞുനിൽക്കുന്ന ആരാമംപോലെയാണെന്നും പുസ്തകമില്ലാത്ത വീട് ആത്മാവില്ലാത്ത ശരീരംപോലെയാണെന്നും മഹാന്മാർ പറയുന്നുണ്ട്.




നല്ല പുസ്തകം വായിച്ചാലേ വിദ്യാഭ്യാസം പരിപൂർണമാവൂ എന്നും, നല്ല പുസ്തകം വായിച്ചിട്ടില്ലെങ്കിൽ വിദ്യാഭ്യാസം അർഥപൂർണമാകില്ല എന്നും പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബുദ്ധികൊണ്ടുമാത്രം നേടുന്ന വിദ്യാഭ്യാസം വിദ്യാഭ്യാസമേയല്ല. വായനയിലൂടെ, പ്രത്യേകിച്ച് സാഹിത്യവായനയിലൂടെ ഹൃദയത്തെക്കൂടി സംസ്കരിക്കാൻ കഴിയുമ്പോഴാണ് വിവേകപൂർണമായി വിദ്യാഭ്യാസം മാറുന്നത്.

നാടോടിക്കഥകൾ കേൾക്കുന്ന കുഞ്ഞുങ്ങൾ കഥയുള്ളവരായിത്തീരുന്നു. ബാലസാഹിത്യകൃതികൾ വായിച്ചു വിസ്മയിക്കുന്ന കുഞ്ഞുങ്ങൾ വിവേകമുള്ളവരാകുന്നു. ഒരച്ഛൻ മകൾക്കയച്ച കത്തും ടോട്ടോച്ചാനും ഒലിവർ ട്വിസ്റ്റും ഗളിവറുടെ യാത്രകളും അറബിക്കഥകളും ഗോസായി പറഞ്ഞ കഥയും ഉൾക്കൊണ്ട വിദ്യാർഥികൾ ചിന്തയിലും സാമൂഹികബോധത്തിലും മുൻപന്തിയിലെത്തുന്നു. കാരൂരിനെയും ബഷീറിനെയും എംടിയെയും മാധവിക്കുട്ടിയെയും വായിച്ച്, ഇന്ദുലേഖയും ചെമ്മീനും ഓടയിൽനിന്നും അഗ്നിസാക്ഷിയും രമണനും തുടങ്ങി മലയാളികളെ അകമേ പുതുക്കിപ്പണിത് ആധുനികരാക്കിയ കൃതികൾ ഉൾക്കൊണ്ട്, എഴുത്തച്ഛനെയും കുമാരനാശാനെയും വൈലോപ്പിള്ളിയെയും സച്ചിദാനന്ദനെയും കുരീപ്പുഴയെയും അറിഞ്ഞ് വിദ്യാഭ്യാസം കഴിയുന്നവർക്ക് ആന്തരികമായ വെളിച്ചവും ഹൃദയവിശാലതയും ഉണ്ടാവും. വായിച്ചു വായിച്ച് വസന്തമായി വളർന്നവർ സമൂഹജീവിതത്തെ സുഗന്ധമുള്ളതാക്കും.

പുസ്തകവായന നമ്മെ അന്തസ്സുള്ളവരും വിലയുള്ളവരുമാക്കും. അകമേ സമ്പന്നരാക്കും. വായനയിലൂടെ പരിചയപ്പെടുന്ന ഓരോ കഥാപാത്രത്തിലൂടെയും സംഭവങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ദേശങ്ങളിലൂടെയും കടന്നുപോകുമ്പോൾ വായനക്കാർ സമ്പന്നരാവുകയാണ്. അറിയാതെ അനേകരുമായി സാഹോദര്യത്തിലാവുകയാണ്. മാനവികതയുടെ അതിരില്ലാത്ത ലോകത്തേക്കു സഞ്ചരിക്കുകയാണ്. കാലില്ലാത്ത ലോകസഞ്ചാരമാണ് പുസ്തകവായന എന്ന് ജുംബാ ലാഹിരി പറയുന്നത് ഈ അർഥത്തിലാണ്. കെട്ടിക്കിടക്കുന്ന ജലാശയമാകാതെ നമ്മുടെ മനസ്സിനെ ഒഴുകുന്ന നദിയാക്കുന്നു പുസ്തകവായന.

ആദർശമില്ലാത്ത മനുഷ്യൻ വഴിതെറ്റിയ കപ്പൽപോലെയാണെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. നമ്മെ വീണ്ടെടുക്കാനും നമുക്ക് ജീവിതാദർശം കണ്ടെത്താനും പുസ്തകം സഹായിക്കുന്നു. നമ്മുടെ മുഖത്തും മനസ്സിലും ആനന്ദത്തിന്റെ പുഞ്ചിരി വിടർത്തുന്ന മഹത്തായ പ്രവൃത്തിയുടെ പേരാണ് വായന. പദസമ്പത്ത് തെഴുക്കുന്ന ആശയവിനിമയശേഷി പൂക്കുന്ന ഭാഷയുടെ താഴ്‌വരയിലൂടെയുള്ള തീർഥാടനത്തിന്റെ പേരാണ് വായന. അറിവിനും കേവലവിവരത്തിനുമപ്പുറം അനേകം സംസ്കാരങ്ങളിലേക്കും ചരിത്രത്തിലേക്കുമുള്ള അവബോധത്തിന്റെയും അന്വേഷണത്തിന്റെയും പേരാണു വായന. നിരാശ നിറഞ്ഞ മനസ്സിനു പ്രത്യാശയുടെ നക്ഷത്രങ്ങൾ നൽകുന്ന ആനന്ദത്തിന്റെ പേരാണ് വായന. അനുഭവദാരിദ്ര്യംകൊണ്ട് വരണ്ടുപോകുന്ന ഹൃദയത്തെ വസന്തകാലത്തിലേക്കു കൊണ്ടുപോകുന്ന സ്നേഹയാത്രയുടെ പേരാണ് വായന. ഒരു ജന്മത്തിൽത്തന്നെ അനേകജന്മം സമ്മാനമായി ലഭിക്കുന്നതിന്റെ പേരാണ് വായന. നമ്മുടെ ചെറിയ ജീവിതത്തെ പച്ചയിലേക്കും പടർപ്പിലേക്കും ഇച്ഛാശക്തിയോടെ ആനയിക്കുന്ന പ്രചോദനത്തിന്റെ പേരാണ് വായന. ഉൾക്കാഴ്ചയുടെയും ഹൃദയവിശാലതയുടെയും മധുരിക്കുന്ന ഫലം തരുന്ന തേൻമാവാണ് വായന. മറക്കരുത് മനുഷ്യരാണ് നാം എന്ന് ഏറെ സാഹോദര്യത്തോടെ സർവചരാചരങ്ങളെയും നെഞ്ചോടു ചേർക്കാനുള്ള സൗന്ദര്യബോധത്തിന്റെ പേരാണ് വായന. പ്രിയപ്പെട്ട എല്ലാവർക്കും എന്റെ വായനദിന ആശംസകൾ.

# ലോകത്തിന്റെ നെറുകയിൽ



സി. എൽ. ജോസ്

**ലോ**കത്തിലെ ഏറ്റവും ഉയരമുള്ള പർവതവും കൊടുമുടിയുമാണ് എവറസ്റ്റ് എന്ന് ഏവർക്കുമറിയാം. നേപ്പാളിന്റെയും തിബറ്റിന്റെയും അതിർത്തിയിലുള്ള ഹിമാലയഗിരിനിരകളിൽ ഇതു സ്ഥിതിചെയ്യുന്നു. ഇതിന്റെ ഉയരം 8848 മീറ്റർ.

ഈ അളവ് എവിടെനിന്ന് എങ്ങനെ കിട്ടി? ആര് അളന്നു? നൂറ്റാണ്ടുകളായി ഈ കൊടുമുടി അവിടെ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും 1852 ൽ സർവേ ഓഫ് ഇന്ത്യയുടെ കമ്പ്യൂട്ടറായിരുന്ന രാധാനാഥ് സിക്ധറാണ് ഇതിന്റെ ഉയരം കണക്കുകൂട്ടി നിശ്ചയിച്ചത്. എന്നാൽ, ഈ കൊടുമുടി കണ്ടുപിടിച്ചത് ഇന്ത്യയിൽ സർവെയർ ജനറലായിരുന്ന സർ ജോർജ് എവറസ്റ്റായിരുന്നു. കൊടുമുടിക്ക് 'എവറസ്റ്റ്' എന്ന് അദ്ദേഹത്തിന്റെ പേരുതന്നെ നൽകിയത് 1863 ലാണ്.

ഹിമാലയത്തിലെ ഈ കൊടുമുടിയെ ഇന്ത്യക്കാർ ഗൗരീശങ്കരം എന്നും തിബറ്റുകാർ ചോമാലുങ്മാ എന്നും തിബത്ത് – നേപ്പാൾ അതിർത്തിയിലുള്ളവർ സാഗരമാതാ എന്നും വിളിച്ചുവന്നു. ഇന്ന് ഇതു ലോകമെങ്ങും അറിയപ്പെടുന്നത് എവറസ്റ്റ് എന്ന പേരിൽ.

സാഹസികനായ മനുഷ്യൻ ഒരു വെല്ലുവിളിപോലെ എവറസ്റ്റാരോഹണശ്രമം ആദ്യമായി നടത്തിയത് 1922 ൽ മാത്രമാണ്. വിദേശസംഘങ്ങളാണ് ഈ ശ്രമങ്ങൾ മിക്കതും നടത്തിയത്. മഞ്ഞുമൂടിക്കിടക്കുന്ന എവറസ്റ്റിലേക്ക് ഒരുവഴി കണ്ടുപിടിക്കാനുള്ള ആദ്യശ്രമം ലഫ്. കേണൽ സി.കെ. ഹോവാർഡ്ബറിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം 1921 ൽ നടത്തി. ഖേദകരമെന്നു പറയട്ടെ, എവറസ്റ്റിനെ സമീപിക്കുംമുമ്പുതന്നെ സംഘത്തിലെ 'ഒരംഗമായ കെല്ലാസ് ഹൃദയസ്തംഭനംമൂലം മരിച്ചു. തുടർന്ന് ഈ സംഘത്തിലുണ്ടായിരുന്ന മല്ലോറിയും ബുള്ളക്കും വീലറും ചേർന്നാണ് പർവതനിരകൾക്കിടയിലെ ഒരു പിളർപ്പ് (നോർത്തുകോൾ) കണ്ടുപിടിച്ചത്. അതിലൂടെ എവറസ്റ്റിന്റെ ഉച്ചിയിലേക്കുള്ള ഒരു വഴി നിർണയിക്കാനും മല്ലോറിക്കു കഴിഞ്ഞു. എന്നാൽ, എവറസ്റ്റാരോഹണം ആദ്യമായി നടത്തിയത് 1922 ൽ ബ്രിഗേഡിയൻ ജനറൽ സി.ജി. ബ്രൂസ് നേതാവായുള്ള ഒരു സംഘമാണ്. സംഘാംഗങ്ങളുടെ ചുമടുകൾ ചുമക്കാൻ ഡാർജിലിങ്ങിലെ ഒരു വർഗക്കാരായ ഷെർപ്പകളെയാണു നിയോഗിച്ചത്. മേയ് മാസം 13 ന് ഈ സംഘം നോർത്തുകോളിൽ ഒരു താവളം സ്ഥാപിച്ചു. അവിടെനിന്നു കയറി 7620 മീറ്റർ പൊക്കത്തിലുള്ള ഒരു സ്ഥാനത്തു മറ്റൊരു ക്യാമ്പും സ്ഥാപിച്ചു. ഈ സംഘത്തിലെ ബ്രൂസും ഫിഞ്ചും 8221 മീറ്റർ വരെ കയറി. സംഘത്തിലുണ്ടായിരുന്ന ഏഴു ഷെർപ്പകൾ ശക്തമായ ഹിമപ്രവാഹത്തിൽപ്പെട്ടു മരിച്ചു. അതു സംഘത്തിനു വല്ലാത്ത ഷോക്കായി. ഇതിനെത്തുടർന്നു സംഘം നൈരാശ്യത്തോടെ ഉദ്യമത്തിൽനിന്നു പിൻവാങ്ങി.



അതിശൈത്യം, ഹിമപ്രവാഹത്തിന്റെ അനിശ്ചിതത്വം, വീശിയടിക്കുന്ന ശീതക്കാറ്റ്, കുത്തനെയുള്ള കയറ്റം, പിടിച്ചുകയറാൻ വൃക്ഷമോ മറ്റ് ആശ്രയമോ ഇല്ലാത്ത അവസ്ഥ, മുകളിലേക്കു കയറുന്തോറും ഓക്സിജന്റെ ദൗർലഭ്യം – ഇവയൊക്കെയാണ് എവറസ്റ്റാരോഹണത്തിന്റെ പ്രധാനപ്രതിബന്ധങ്ങൾ.

ശ്രമങ്ങൾ പിന്നെയും നടന്നു. ബ്രൂസിന്റെ നേതൃത്വത്തിൽത്തന്നെയുള്ള മറ്റൊരു സംഘം 1924 ൽ എവറസ്റ്റു കയറാൻ വീണ്ടും ശ്രമിച്ചു. ജൂൺ 5 ന് നോർട്ടനും ഡോക്ടർ സോമർവെല്ലും 8534 മീറ്റർ ഉയരത്തിൽവരെ എത്തി. നോർട്ടൻ പിന്നെയും കുറച്ചുകൂടി മുകളിലേക്കു കയറി. സംഘത്തിലെ മറ്റു രണ്ട് അംഗങ്ങളായ മല്ലോറിയും ഇർവിനും ജൂൺ 6 ന് നോർത്തുകോളിൽനിന്നു പുറപ്പെട്ടു. ജൂൺ 8 ന് അവർ എവറസ്റ്റിന്റെ നെറുകയിലേക്കു കയറ്റം തുടങ്ങി. അവർ നെറുകയിലെത്തിയോ ഇല്ലയോ എന്നു തീർച്ചയില്ല. യാതൊരവശിഷ്ടവും കണ്ടുകിട്ടാത്തവണ്ണം അവർ എന്നന്നേക്കുമായി അപ്രത്യക്ഷമായി. മഞ്ഞുകട്ടകളിൽ മൂടിയോ ഹിമപാളികൾ വന്നു പതിച്ചോ ആയിരിക്കാം ഈ ധീരസാഹസികരുടെ ജീവിതാന്ത്യം. ഈ ദുഃഖപൂർണമായ ദുരന്തത്തോടെ രണ്ടാമത്തെ ആരോഹണശ്രമവും പരാജയപ്പെട്ടു. ഇങ്ങനെ എത്രയോ പർവതാരോഹകർ പല പല ഘട്ടങ്ങളിലായി ഇങ്ങിനി വരാത്തവണ്ണം മഞ്ഞിൻപാളികളിൽ മറഞ്ഞുപോയി. വമ്പിച്ച വിജയപ്രതീക്ഷയോടെ ആവേശപൂർവം ഇറങ്ങിത്തിരിച്ച ഈ ഹതഭാഗ്യർക്കു ഹിമകുമ്പാരം അവരുടെ ശവകുടീരങ്ങളായി മാറി. പിന്നീട് 1933 ലും 1936 ലും 1951 ലും 1952 ലും വിവിധ സംഘങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ആരോഹണശ്രമങ്ങളും വിജയം കാണാതെ പോയി. (ഇതിലെ ചില അറിവുകൾ ശേഖരിച്ചത് കോട്ടയം എസ്.പി.സി.എസ്. പ്രസിദ്ധപ്പെടുത്തിയ വി.വി. കോശം, വോളിയം 3 ൽ നിന്ന്.)

സർ എഡ്മണ്ട് ഹിലാരി പർവതാരോഹണം തൊഴിലായി സ്വീകരിച്ച ന്യൂസിലൻഡുകാരനായ ഒരു യുവാവാണ്. പല സംഘങ്ങളുടെ നേതൃത്വത്തിൽ എവറസ്റ്റ് കൊടുമുടി കയറാൻ അദ്ദേഹം പല തവണ ശ്രമിച്ചു. എല്ലാം പരാജയപ്പെട്ടു. പക്ഷേ, പിന്തിരിഞ്ഞില്ല. എഡ്മണ്ട് ഹിലാരി അദ്ദേഹത്തിന്റെ ഡയറിയിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു: "എവറസ്റ്റ് കയറാൻ പലവട്ടം ശ്രമിച്ചു. കനത്ത മഞ്ഞുമൂലം, കടുത്ത ശീതക്കാറ്റുമൂലം – ഇങ്ങനെ പല തവണ പല തടസ്സങ്ങൾകൊണ്ടു പരാജയപ്പെട്ടു. ഇച്ഛാഭംഗത്തോടെ പിൻവാങ്ങി. ഞാൻ നിരാശനായില്ല. താഴെ അടിവാരത്തുവന്ന് എവറസ്റ്റിനെ നോക്കി വെല്ലുവിളിപോലെ തന്റേടത്തോടെ പറഞ്ഞു: "Everest! You cannot grow anymore, But I am young. I will grow. And one day I will come and put my legs on your head."

അതാണ് ഇച്ഛാശക്തി! ദൃഢനിശ്ചയം! വീറോടെ ഡയറിയിൽ കുറിച്ചത് വിഫലമായില്ല. കേണൽ ജോൺ ഹണ്ടിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സംഘത്തിലെ ഒരംഗമായിരുന്നു ഹിലാരി. മറ്റൊരംഗം ഇന്ത്യക്കാരനായ ടെൻസിങ്. 1953 മേയ് 17 ന് ഈ രണ്ടുപേരും മറ്റു സംഘാംഗങ്ങളും എവറസ്റ്റിൽ 7315 മീറ്റർ ഉയരത്തിലുള്ള ഒരു സ്ഥാനത്തു ക്യാമ്പ് സ്ഥാപിച്ചു. മേയ് 22 ന് വൈലിയും ഹിലാരിയും ടെൻസിങ്ങും ഏതാനും ഷെർപ്പകളോടൊപ്പം കോളിലെത്തി താവളമുറപ്പിച്ചു. 26 ന് ഇവാൻസും ബോർലില്ലനും കൂടി 8747 മീറ്റർ ഉയരത്തിൽ വരെ കയറി. അതിനുമപ്പുറം പോകാൻ അവർക്കു കഴിഞ്ഞില്ല. ഒടുവിൽ മേയ് 29 ന് രാവിലെ ഹിലാരിയും ടെൻസിങ്ങും കൂടി മുകളിലേക്കു കയറി. പകൽ 11.30 ന് അവർ ലോകത്തിലെ ഏറ്റവും ഉയരംകൂടിയും എവറസ്റ്റിന്റെ നെറുകയിൽ കാലുകുത്തി. 1953 മേയ് 29 എന്നതു ലോകത്തിലെ ചരിത്രവിജയം കുറിച്ച ഒരു സുദിനം! ലോകം ഈ സംഭവത്തെ മനുഷ്യന്റെ ഇച്ഛാശക്തിയുടെയും ധീരതയുടെയും ഒരു മഹാവിജയമായി പ്രകീർത്തിച്ചു. ഹിലാരിയും ടെൻസിങ്ങും അവരവരുടെ രാഷ്ട്രപതാകകൾ എവറസ്റ്റിന്റെ നെറുകയിൽ സ്ഥാപിച്ചശേഷമാണ് മടങ്ങിയത്.

തെല്ലും സ്വാർഥതയില്ലാത്ത മനസ്സാണ് ഹിലാരി പ്രദർശിപ്പിച്ചത്. ഹിലാരിക്കു വേണമെങ്കിൽ ഒറ്റയ്ക്ക് എവറസ്റ്റിന്റെ ഉച്ചിയിൽ കാലുകുത്താമായിരുന്നു. ലോകം എന്നെന്നും പ്രകീർത്തിക്കപ്പെടുന്ന ഏകവ്യക്തിയാകാമായിരുന്നു. എന്നാൽ, അതുവരെ ഒപ്പം നിന്ന് ഇന്ത്യക്കാരനെയും കൂടെ കൂട്ടി. അതു ഹിലാരി എന്ന വലിയ മനുഷ്യന്റെ വിശാലമനസ്സ്! അതുകൊണ്ട് അന്ന് ഇന്ത്യയുടെ ത്രിവർണപതാകയും എവറസ്റ്റിൽ പാറിക്കളിച്ചു.

ഒരു പിൻകുറിപ്പ്: എവറസ്റ്റിന്റെ ഉച്ചിയിൽ യേശുവിന്റെ കൊച്ചുക്രൂശിതരൂപമടങ്ങിയ ഒരു പേടകവും അന്നു ഹിലാരി ഏറെ ഭവ്യതയോടെ കാഴ്ചവച്ചു. പോൾ ആറാമൻ മാർപാപ്പാ വെഞ്ചരിച്ച്, ഒരു ബനഡിക്ടൻ സന്ന്യാസി വഴിയാണ് അത് എത്തിയത്. ഇത് അധികമാരും അറിയാത്ത ഒരു സത്യമാണ്.

■

## ശ്രേഷ്ഠമലയാളം

# പൊന്നാൽ



ഡോ. ഡേവിസ് സേവ്യർ

**ദ**ന്ത്യവും നാദിയുമായ ഒരു അനുനാസികവർണമാണ് ന കാരം. കൂടാതെ, വർത്സ്യവും നാദിയുമായ ഒരു 'ഩ' കാരം കൂടി പ്രാചീനമലയാളത്തിൽ ഉണ്ടായിരുന്നു. ദ്രാവിഡാനുനാസികം എന്ന പേരിൽ കേരളപാണിനി ആ വർണത്തെ അക്ഷരമാലയിൽ ഉൾപ്പെടുത്തുകയുണ്ടായി. ന-ഩ ഭിന്നധ്വനികളാണെങ്കിലും അവയെ സൂചിപ്പിക്കാൻ മലയാളത്തിൽ ന കാരം മാത്രം ഇപ്പോൾ ഉപയോഗിക്കുന്നു. ന കാരത്തിന്റെ ഭിന്നധ്വനികൾ വേർതിരിച്ചറിയാൻ പല മാർഗങ്ങൾ ഉണ്ട്. ന്യായം ഒഴികെയുള്ള സംസ്കൃതപദങ്ങളിലും മലയാളപദങ്ങളിലും പദാദിയിൽ നകാരത്തിന് ദന്ത്യധ്വനിയാണുള്ളത്. ഉദാ. നഗരം, നഖം, നന്മ, നട. കൂട്ടക്ഷരത്തിൽ ആദ്യസ്ഥാനത്തു വരുന്ന നകാരത്തിനും ദന്ത്യധ്വനി. ഉദാ. പന്തം, നന്ദനം, ഗ്രന്ഥം. പദമധ്യത്തിലും പദാന്തത്തിലും നകാരത്തിന് വർത്സ്യധ്വനി വരും. ഉദാ. വനജ, അനുജ, പന, മന. അന്യഭാഷാപദങ്ങളാണെങ്കിൽ പദാദിയിലും വർത്സ്യധ്വനിയുണ്ടാകുന്നു. നോവൽ, ന്യൂസ്, നോട്ടറി, നെയിം.

ന കാരം ഇരട്ടിക്കുമ്പോൾ ദന്ത്യധ്വനിയോ വർത്സ്യധ്വനിയോ സന്ദർഭനിഷ്ഠമായി വന്നുചേരുന്നു. ദന്ത്യ-വർത്സ്യ ഭേദം അർഥവ്യത്യാസത്തിനും കാരണമാകും. എൻ+ആൽ= എന്നാൽ ഞാൻ മൂലം(വർത്സ്യധ്വനി) എന്ന്+ആൽ = എന്നാൽ →പക്ഷേ (ദന്ത്യധ്വനി, നിൻ + ആൽ= നിന്നാൽ നീ മൂലം (വർത്സ്യധ്വനി) നിന്നു + ആൽ = നിന്നാൽ→ നിൽക്കുകയാണെങ്കിൽ (ദന്ത്യധ്വനി) തൻ + ആൽ = തന്നാൽ→താൻമൂലം (വർത്സ്യധ്വനി). തന്നു + ആൽ = തന്നാൽ → തരുകയാണെങ്കിൽ (ദന്ത്യധ്വനി). "പൊന്നാൽ (പൊന്നുകൊണ്ട്, സ്വർണംകൊണ്ട്) പൊന്നാൽ (പൊല്ലുകയാണെങ്കിൽ, ഇഴ ഇടുകയാണെങ്കിൽ) എന്നൊരു പദവും ഈ കൂട്ടത്തിൽപ്പെടുത്താം. പായുടെ ചില ഇഴകൾ മുറിഞ്ഞുപോയാൽ പുതിയ ഇഴകൾ പകരം ഇടുന്നതിന് 'പൊല്ലുക' എന്നു പറയാറുണ്ട്. പൊല്ലുക എന്നതിന് പൊല്ലി, പൊന്നു, എന്നു രണ്ടു ഭൂതരൂപങ്ങളുണ്ട്. ചൊല്ലിന് ചൊല്ലി, ചൊന്നു എന്നതുപോലെ... ശുദ്ധമായ ഭാഷയ്ക്ക് ശുദ്ധമായ ഉച്ചാരണം ആവശ്യമാണ്*.

*വാസുദേവ ഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം – 232.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



എളിയവരെ അവിടുന്നു നീതിമാർഗത്തിൽ നയിക്കുന്നു; വിനീതരെ തന്റെ വഴി പഠിപ്പിക്കുന്നു.
സങ്കീർത്തനങ്ങൾ 25:9

**എഡിറ്റോറിയൽ**

# പവിത്രത നഷ്ടപ്പെട്ട പ്രവേശനപ്പരീക്ഷകൾ

**രാ**ജ്യത്തെ ഏറ്റവും വലിയ പ്രവേശപ്പരീക്ഷകളിലൊന്നായ നീറ്റ് ചരിത്രത്തിലെ ഏറ്റവും വലിയ വിവാദത്തിലായിരിക്കുന്നു. രാജ്യം ലോകസഭാതിരഞ്ഞെടുപ്പിന്റെ ഫലം ഉറ്റുനോക്കിക്കൊണ്ടിരുന്ന ദിനത്തിലാണ്, നോട്ടം കിട്ടരുതെന്ന മട്ടിൽ, വിവാദമായ മെഡിക്കൽ പ്രവേശനപ്പരീക്ഷയുടെ ഫലമെത്തിയത്. ചോദ്യപ്പേപ്പർ ചോർച്ച, ഗ്രേസ്മാർക്കു നല്കിയതിലെ അസ്വാഭാവികത തുടങ്ങിയവ പ്രവേശനപ്പരീക്ഷയുടെ പവിത്രതയെ ബാധിച്ചെന്നു പറഞ്ഞ സുപ്രീംകോടതി, പരീക്ഷയുടെ നടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിങ് ഏജൻസി(എൻടിഎ)യെയും കേന്ദ്രസർക്കാരിനെയും അതിരൂക്ഷമായി വിമർശിച്ചിരിക്കുന്നു.

കഴിഞ്ഞ മേയ് അഞ്ചിന് രാജ്യത്തെ 571 നഗരങ്ങളിലും വിദേശത്തുള്ള 14 കേന്ദ്രങ്ങളിലുമായി 23,33,297 പേരാണ് പരീക്ഷയെഴുതിയത്. ജൂൺ നാലിന് ഫലം വന്നപ്പോൾ 13,16,268 പേർ യോഗ്യത നേടി. കേരളത്തിൽനിന്നു പരീക്ഷയെഴുതിയ 1,38,502 പേരിൽ 86,681 പേരാണ് യോഗ്യരായത്.

പരീക്ഷയെഴുതിയ 67 പേർ ഫുൾമാർക്കുനേടി (720) ഒന്നാം റാങ്കുകാരായി! ഒന്നാം റാങ്കുകാരുടെ എണ്ണം വർധിച്ചതും ഹരിയാനയിലെ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതിയ ആറു പേർക്ക് ഒന്നാം റാങ്കു ലഭിച്ചതും സംശയങ്ങൾക്കും ആരോപണങ്ങൾക്കും ഇടയാക്കി. ഫിസിക്സിലെ ഒരു ചോദ്യവുമായി ബന്ധപ്പെട്ടു പരാതി ഉയർന്നപ്പോൾ ഗ്രേസ്മാർക്ക് അനുവദിച്ചതോടെയാണ് ഒട്ടേറെപ്പേർക്ക് ഒന്നാം റാങ്കു ലഭിച്ചതെന്നാണ് എൻടിഎയുടെ വിശദീകരണം. 2 മുതൽ 5.20 വരെയാണ് പരീക്ഷാസമയമെങ്കിലും 4 മണിക്ക് ചോദ്യപ്പേപ്പർ സമൂഹമാധ്യമങ്ങളിൽ ചോർന്നതുമായി ബന്ധപ്പെട്ടാണ് മറ്റൊരു വിവാദം. നേരത്തെ പരീക്ഷയെഴുതി പുറത്തിറങ്ങിയ ഒരു വിദ്യാർഥി പ്രചരിപ്പിച്ചതാണെന്നായിരുന്നു എൻടിഎയുടെ ന്യായീകരണം. ബീഹാറിലും ഒഡീഷയിലും ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കേസും അറസ്റ്റുമുണ്ട്. രാജസ്ഥാനിലെ സവായ്മാധേപൂരിലെ പരീക്ഷാകേന്ദ്രത്തിൽ ചോദ്യപ്പേപ്പർ മാറിപ്പോയതും അവിടെ വീണ്ടും പരീക്ഷ നടത്തിയതും എൻടിഎയ്ക്കു പറ്റിയ പിഴവുതന്നെയാണ്. പരീക്ഷാസമയം നഷ്ടപ്പെട്ട ചില വിദ്യാർഥികൾ പരാതിയുമായി ഹൈക്കോടതികളെ സമീപിച്ചിരുന്നു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോൾ പരാതി ശരിയാണെന്നു കണ്ടെത്തിയതിനെത്തുടർന്ന് 1563 പേർക്ക് ഗ്രേസ്മാർക്ക് അനുവദിച്ചു. സമയനഷ്ടത്തിനു നല്കിയ കോമ്പൻസേഷൻ മാർക്കാണ് രണ്ടു വിദ്യാർഥികൾക്ക് 718,719 എന്നിങ്ങനെ മാർക്കു ലഭിക്കാനിടയായതെന്നാണ് എൻടിഎയുടെ വിശദീകരണം.

നീറ്റ് പരീക്ഷയ്ക്കെതിരേ അടിമുടി ആരോപണങ്ങൾ ഉയർന്നതോടെയാണ് ഹർജികളിൽ സുപ്രീംകോടതി ഇടപെട്ടത്. നീറ്റ് യു.ജി.യിൽ ക്രമക്കേടു നടന്നെന്നും പുനഃപരീക്ഷ വേണമെന്നും ആവശ്യപ്പെട്ട് പത്തു വിദ്യാർഥികൾ സമർപ്പിച്ച ഹർജികളാണ് കോടതി പരിഗണിച്ചത്. എം.ബി.ബി.എസ്. അടക്കമുള്ള കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് കൗൺസലിങ് ഉൾപ്പെടെയുള്ള നടപടികൾ സ്റ്റേ ചെയ്യണമെന്ന ആവശ്യം കോടതി അംഗീകരിച്ചില്ല. പ്രവേശനനടപടികൾ മുൻനിശ്ചയപ്രകാരം തുടരാനാണ് ബഞ്ച് നിർദേശിച്ചത്. വിവാദവിഷയങ്ങളിൽ വിശദവാദം വേണമെന്നു നിരീക്ഷിച്ച കോടതി, ഹർജികളും കേസും ജൂലൈ എട്ടിലേക്കു മാറ്റി.

24 ലക്ഷത്തോളം വിദ്യാർഥികളെഴുതിയ നീറ്റ് (നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്) പരീക്ഷയുടെ ഫലം വന്നപ്പോൾ പരീക്ഷാചരിത്രത്തിലെ ഏറ്റവും വലിയ നീറ്റലും നാറ്റക്കേസുമായി മാറിയിരിക്കുന്നു. പരീക്ഷയുടെ വിശുദ്ധി ചോദ്യം ചെയ്യപ്പെട്ടെന്ന് സുപ്രീംകോടതി നിരീക്ഷിച്ചത് പരീക്ഷാനടത്തിപ്പുകാർക്കുമാത്രമല്ല, രാജ്യത്തിനു മുഴുവൻ അപമാനഭാരമായിരിക്കുന്നു. പരീക്ഷാനടത്തിപ്പിലെ തട്ടിപ്പുകളും അതുണ്ടാക്കുന്ന കോളിളക്കങ്ങളും നമ്മുടെ കുട്ടികളെയും അവരുടെ ഭാവിഭദ്രതയെയും കുറച്ചൊന്നുമല്ല വലച്ചിരിക്കുന്നതെന്ന് ബന്ധപ്പെട്ടവർ ഓർക്കേണ്ടതുണ്ട്. അധികപണവും അധികസമയവും ഉപയോഗിച്ച് വർഷങ്ങളുടെ പരിശീലനം നേടി കഷ്ടപ്പെട്ടു പഠിക്കുന്ന ലക്ഷക്കണക്കിനു വിദ്യാർഥികളെ പരിഹസിക്കുന്ന ഇത്തരം കൊള്ളരുതായ്മകൾ വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത് വളരെ പരിതാപകരമാണ്. കുട്ടികളുടെ അധ്വാനമൂല്യത്തെയും അവരുടെ പരിശ്രമങ്ങളെയും ഭാവിയെത്തന്നെയുമാണ് ഇവിടെ അവഹേളിച്ചുവിടുന്നത്. ഫലത്തിന്റെ വിശ്വാസ്യതയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് എൻടിഎ തൃപ്തികരമായ മറുപടികൾ നല്കുന്നില്ല. ഗ്രേസ്മാർക്ക് മാനദണ്ഡങ്ങൾ കുറ്റമറ്റതാക്കി റാങ്കുകൾ പുനർനിർണയിക്കുക, പരീക്ഷ വീണ്ടും നടത്തുക തുടങ്ങിയവയാണ് ഫലപ്രദമായ പരിഹാരമാർഗങ്ങളെന്നു നിർദേശിക്കുന്നവരുണ്ട്. ഗുരുതരമായ ഈയൊരവസ്ഥയിൽ കേന്ദ്രസർക്കാരും അന്വേഷണ ഏജൻസികളും സത്വരമായി ഇടപെടേണ്ടിയിരിക്കുന്നു.

■

# തോൽവിയെ അംഗീകരിക്കുക പ്രധാനമാണ്

**പ്രതികരണം** | **അനിൽ ജെ. തയ്യിൽ**

**നി**ങ്ങളുടെ തോൽവിയാൽ നിങ്ങൾ നിർവചിക്കപ്പെടരുത്. ആ തോൽവി നിങ്ങൾ പാഠങ്ങളാക്കി മാറ്റണം – ബരാക് ഒബാമ.

വൻ തോൽവിയും അതിലേക്കു നയിച്ച വസ്തുതകൾക്കു നേർക്കുള്ള വിമർശനവും പരാജിതനായ ഒരു നേതാവിനെയോ പ്രസ്ഥാനത്തെയോ വിറളി പിടിപ്പിക്കുന്നെങ്കിൽ അതു ജനാധിപത്യത്തിനു ചേർന്നതല്ല. അത്തരമൊരു സവിശേഷവും നിർഭാഗ്യകരവുമായ അവസ്ഥയ്ക്കാണ് ലോകസഭാതിരഞ്ഞെടുപ്പിന്റെ ഫലം വന്നതിനിപ്പുറം കേരളം സാക്ഷ്യം വഹിക്കുന്നത്.

ഇക്കഴിഞ്ഞ ലോകസഭാതിരഞ്ഞെടുപ്പിൽ കേരളത്തിൽ പരാജയപ്പെട്ടതിന്റെ ജാള്യം മറയ്ക്കാനോ എന്തോ, ഈശോയുടെ മുഖത്ത് സുരേഷ് ഗോപിയുടെ മുഖം മോർഫ് ചെയ്ത് 'സുയേശു ഈ കുടുംബത്തിന്റെ നാഥൻ' എന്ന അടിക്കുറിപ്പോടെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരിക്കുകയാണ് ഒരു ഇടതുപക്ഷസഹയാത്രികൻ. സാമാന്യജനങ്ങളിൽനിന്നുള്ള കടുത്ത എതിർപ്പിനെത്തുടർന്ന് ഈ പോസ്റ്റ് പിൻവലിച്ചെങ്കിലും, ഇടതുപക്ഷത്തിന്റെ ഒരു നേതാവുപോലും ഇതിനെ അപലപിച്ചില്ലായെന്നതു ശ്രദ്ധേയം. ഇതിനെതിരേ സീറോ മലബാർ സഭാ പ്രോലൈഫ് അപ്പോസ്തലേറ്റ് രംഗത്തെത്തി. മതപരമായ പ്രതീകങ്ങളെ വികൃതമാക്കി അവതരിപ്പിക്കുന്നതിനെ സർക്കാർ ശക്തമായ നിയമനടപടികളിലൂടെ നേരിടണമെന്ന് സംഘടന ആവശ്യപ്പെടുകയുണ്ടായി.

ജനാധിപത്യമൂല്യങ്ങളെയും ഭരണഘടനയെയും കുറിച്ച് നാഴികയ്ക്കു നാല്പതുവട്ടം മൊഴിയുന്ന ഇടതുപക്ഷം, ഒരു ജനാധിപത്യപ്രക്രിയയിലൂടെയാണ് സുരേഷ് ഗോപി തിരഞ്ഞെടുക്കപ്പെട്ടതും കേരളമൊട്ടാകെ ഇടതുപക്ഷം തോൽപ്പിക്കപ്പെട്ടതും എന്നു മനസ്സിലാക്കണം. തിരഞ്ഞെടുപ്പുപ്രക്രിയ സംബന്ധിച്ചു യാതൊരുവിധ പരാതിയും അവർ ഇതേവരെ ഉന്നയിച്ചിട്ടുമില്ല. മുഖ്യമന്ത്രി ജനങ്ങളെ അസ്പൃശ്യരായിക്കണ്ട് വിരാജിച്ചപ്പോൾ, സുരേഷ് ഗോപി തൃശൂരിൽ സാമാന്യജനങ്ങൾക്കിടയിലായിരുന്നു. അതുകൊണ്ടാണ് കേരളത്തിൽനിന്ന് ആദ്യ ബിജെപി ലോകസഭാ എംപി ഉണ്ടായത്. തിരഞ്ഞെടുപ്പുപ്രചാരണതന്ത്രം എന്ന നിലയിൽ എതിരാളികളെ വ്യക്തിഹത്യ ചെയ്തു തകർക്കാൻ യാതൊരു നിയന്ത്രണവുമില്ലാതെ തങ്ങൾ കെട്ടഴിച്ചുവിടുന്ന സൈബർ കടന്നലുകളും മുഖ്യമന്ത്രി കേരളജനതയോടു കാണിക്കുന്ന ധാർഷ്ട്യവുമാണ് തങ്ങളുടെ പരാജയത്തിനു കാരണമെന്നു തിരിച്ചറിയാത്തതാണ് ഇടതുപക്ഷദുരന്തം.

അടുത്തകാലത്ത് സിപിഎം സൈബർസേന അതിഹീനമാംവിധം പരിധികൾക്കപ്പുറം വ്യക്തിഹത്യ നടത്തിയവരാണ് അമ്പരപ്പിക്കുന്ന ഭൂരിപക്ഷത്തിൽ വിജയതീരം തൊട്ടത്. പുതുപ്പള്ളിയും വടകരയും തൃശൂരും അതിനുദാഹരണമായി കണ്മുന്നിൽ നിൽക്കുന്നു. മറ്റൊരു ശ്രദ്ധേയമായ കാര്യം കേരളത്തിൽ ബിജെപിയെക്കാൾ സിപിഎം എതിർത്തത് കോൺഗ്രസിനെയും, ബിജെപി മുന്നോട്ടുവച്ച ഫാസിസ്റ്റു ഭരണനയത്തിനെതിരേ സന്ധിയില്ലാസമരം നടത്തുന്ന രാഹുൽ ഗാന്ധിയെയുമാണ് എന്നുള്ളതാണ്. ഇതും ജനങ്ങൾക്കിടയിൽ സിപിഎമ്മിന്റെ നിലപാട് സംബന്ധിച്ച് ആശയക്കുഴപ്പം സൃഷ്ടിച്ചു എന്നു പറയാതെ വയ്യ.


സുരേഷ് ഗോപിക്കു പുറമേ കേരളത്തിൽനിന്നു കേന്ദ്രമന്ത്രിയായിരിക്കുന്ന ജോർജ് കുര്യൻ ക്രിസ്ത്യാനിയാണെന്നിരിക്കേ, പ്രീണനനയമാണെന്ന് ആക്ഷേപമുയർന്നാലും ആ മന്ത്രിസ്ഥാനം കേരള ക്രൈസ്തവ സമൂഹത്തിന് ഒരു പരിഗണന എന്ന നിലയിലും വായിക്കാം.

മുഖ്യമന്ത്രിയുടെ വിമർശനത്തിന് ഇത്തവണ ഇരയായത് യാക്കോബായസഭ നിരണം ഭദ്രാസനം മുൻ തലവൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയാണ്. സഭാപരമായ ചുമതലകളിൽനിന്നു വിരമിച്ച് സേവനപാതയിലേക്കു തിരിഞ്ഞിരിക്കുന്ന മാർ കൂറിലോസ് ജനപ്രിയനും ഇടതുപക്ഷസഹയാത്രികനുമാണ്. എന്നാൽ, തിരഞ്ഞെടുപ്പുഫലത്തിനുശേഷം ഭരണവിരുദ്ധവികാരത്തിൽ ഊന്നിയുള്ള അദ്ദേഹത്തിന്റെ വിമർശനാത്മകഫേസ്ബുക്ക് പോസ്റ്റിനുള്ള മറുപടിയായി മുഖ്യമന്ത്രി അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'വിവരദോഷിയായ ഒരു മുൻ പുരോഹിതൻ' എന്നാണ്.

'ജനങ്ങൾ നൽകുന്ന തുടർച്ചയായ ആഘാതചികിത്സയിൽനിന്ന് ഇനിയും പാഠം പഠിക്കാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ഇടതുപക്ഷത്തിന് ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥ വരും... എന്നു തുടങ്ങി ഇടതുപക്ഷം 'ഇടത്ത്' തന്നെ നിൽക്കണം, വലത്തോട്ട് ഇൻഡിക്കേറ്റർ ഇട്ട് വലത്തോട്ടു വണ്ടിയോടിച്ചാൽ അപകടം ഉണ്ടാകും, ലക്ഷ്യസ്ഥാനത്ത് എത്തുകയും ഇല്ല' എന്നു പറഞ്ഞാണ് മാർ കൂറിലോസിന്റെ പോസ്റ്റ് അവസാനിക്കുന്നത്. ഇപ്പോൾ അദ്ദേഹത്തെ വിമർശിക്കുന്നവർ കേരള സ്റ്റോറി സിനിമ സംബന്ധിച്ച മാർ കൂറിലോസിന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് സീറോ മലബാർ സഭയ്ക്കെതിരേ ആഘോഷമാക്കിയിരുന്നു.

പല സിപിഎം പ്രവർത്തകരും മുഖ്യമന്ത്രിയുടെ പ്രവർത്തനശൈലിയിൽ അതൃപ്തരാണ്. വിമർശകരെല്ലാം ശത്രുക്കളല്ല എന്ന് മുഖ്യമന്ത്രിക്കെതിരേ ഒളിയമ്പെയ്തുകൊണ്ട് സിപിഎം തിരുവല്ല ഏരിയ കമ്മിറ്റിയംഗം കെ. പ്രകാശ് ബാബു ഫേസ്ബുക്കിൽ എഴുതി. സിപിഐയും മുഖ്യമന്ത്രി തിരുത്തണമെന്നുള്ള നിലപാടിലാണ്.

ജനങ്ങളുടെ ഗതികേടുകാലത്ത് കിറ്റിനുപകരം വോട്ടുപദ്ധതിയിൽ രണ്ടാം വട്ടവും ഭരണമേറിയതിന്റെ ധാർഷ്ട്യത്തിൽ ധൂർത്തിനും മാസപ്പടിക്കും തങ്ങൾക്കു മൗലികാവകാശമുണ്ടെന്ന നിലപാടാണ് മുഖ്യമന്ത്രിയുടേത്. സ്തുതിപാടൽമാത്രമല്ല, വിമർശനംകൂടി തുറന്ന മനസ്സോടെ സ്വീകരിക്കുന്നതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. വിമർശനത്തിന്റെ കാതൽ ഉൾക്കൊള്ളാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ പദവിയിൽ തുടരാൻ നാം അർഹരല്ല എന്നുതന്നെയാണ് അർഥം. വിമർശനം നമ്മെ കൂടുതൽ പാകപ്പെടുത്തേണ്ടതിനുപകരം അസഹിഷ്ണുവാക്കുന്നതും ചരിത്രം മറക്കുന്നതും ആത്മഹത്യാപരമാണ്. ■





**ജൂൺ 23**
**ശ്ലീഹാക്കാലം ആറാം ഞായർ**

ലേവ്യ 8:1–13
ഏശ 6:1–8
1 കോറി 1:26–31
മത്താ 9:27–38



**ഫാ. ഡോ. തോമസ് വടക്കേൽ**

# ‘ഇതാ ഞാൻ! എന്നെ അയച്ചാലും!’



“ഇതാ ഞാൻ! എന്നെ അയച്ചാലും!” (ഏശ. 6:8). ഇതു ദൈവവിളിക്കുള്ള ഒരു പ്രത്യുത്തരമാണ്. ദൈവം കാലാകാലങ്ങളിൽ ഓരോരുത്തരെയും വിളിക്കുന്നുണ്ട്. ദൈവം വിളിക്കുമ്പോൾ ഒരുവന്റെ പ്രത്യുത്തരം ‘Yes’ എന്നാണ്. ശ്ലീഹാക്കാലം ആറാം ഞായറിലെ വായനകളെല്ലാം ദൈവവിളിയുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. ദൈവികശുശ്രൂഷയുടെ നിർവഹണത്തിനായുള്ള അഭിഷേകവും ദൈവവിളിക്കുള്ള പ്രത്യുത്തരവും ദൈവവിളിക്കായുള്ള പ്രാർഥനയുമൊക്കെ ഈ ആഴ്ചത്തെ വായനകളുടെ പ്രമേയങ്ങളാണ്.

ഒന്നാംവായനയിൽ (ലേവ്യ. 8:1-13), ദൈവികശുശ്രൂഷയ്ക്കായി മോശ തന്റെ സഹോദരൻ അഹറോനെയും മക്കളെയും അഭിഷേകം ചെയ്യുന്നതിനെക്കുറിച്ചും; രണ്ടാം വായനയിൽ (ഏശ. 6:1-8), ഏശയ്യാപ്രവാചകനു ദൈവാലയത്തിൽവച്ചു ലഭിച്ച ദൈവവിളി ദർശനത്തെക്കുറിച്ചും, മൂന്നാം വായനയിൽ (1 കോറി. 1:26-31), ഓരോരുത്തർക്കും ലഭിച്ച ദൈവവിളിയെക്കുറിച്ചു ചിന്തിക്കാനുള്ള പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 9:27-38), ദൈവരാജ്യം പ്രസംഗിച്ചും രോഗശാന്തി നൽകിയും സഞ്ചരിച്ച ഈശോ വിളഭൂമിയിലേക്കു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർഥിക്കാൻ ആഹ്വാനം ചെയ്യുന്നതിനെക്കുറിച്ചും നാം ശ്രവിക്കുന്നു.

**ലേവ്യർ 8:1–13:** പുറപ്പാടുപുസ്തകത്തിന്റെ എട്ടാം അധ്യായത്തിൽ അഹറോന്റെയും മക്കളുടെയും പുരോഹിതാഭിഷേകത്തിനു വേണ്ടുന്ന നിർദേശങ്ങൾ കാണുന്നുണ്ട്. പ്രസ്തുത നിർദേശങ്ങൾ പൂർത്തിയാകുന്ന വിവരണം ലേവ്യർ എട്ടാം അധ്യായത്തിലാണു വിവരിച്ചിരിക്കുന്നത്. കർത്താവായ ദൈവം മോശയ്ക്കു നൽകുന്ന നിർദേശങ്ങൾ ‘കർത്താവു കല്പിച്ചതുപോലെ’ മോശ നിറവേറ്റുകയാണിവിടെ. ഹീബ്രുഭാഷയിലെ ‘ത്സവാഹ്’ (tsavah) എന്ന പദത്തിന്റെ അർഥം command എന്നാണ്. മോശ നിറവേറ്റുന്നത് ദൈവികകല്പനയാണ്: did as the LORD commanded him. വിളിക്കപ്പെട്ടവർ നിർദേശങ്ങൾ പാലിക്കാൻ കടപ്പെട്ടവരാണ്. കർത്താവു കല്പിച്ചതുപോലെ മോശ ചെയ്തു. സമാഗമകൂടാരത്തിന്റെ വാതിൽക്കൽ സമൂഹത്തെ ഒന്നിച്ചുകൂട്ടി (8:3). അഹറോന്റെയും പുത്രന്മാരുടെയും അഭിഷേകത്തിനു സാക്ഷ്യം വഹിക്കാൻവേണ്ടിയാണ് ജനങ്ങളെയെല്ലാം പ്രത്യേകമായി ക്ഷണിച്ചതും ഒരുമിച്ചുകൂട്ടിയതും. പുരോഹിതർ ദൈവജനം മുഴുവനുംവേണ്ടിയുള്ളവരാണ് എന്നതാണു ധ്വനി. ഇവിടെ മോശയുടെ ദൗത്യം ഒരുമിച്ചുകൂട്ടലിന്റേതുംകൂടിയാണ്. ഹീബ്രുഭാഷയിൽ ‘ഖഹാൽ’ (qahal) എന്ന വാക്കും ഗ്രീക്കുഭാഷയിൽ സിനഗോഗെ (synagoge) എന്ന വാക്കും സൂചിപ്പിക്കുന്നത് ഒരുമിച്ചുകൂട്ടലിനെയാണ്. ദൈവശുശ്രൂഷകന്റെ ദൗത്യം ഒന്നിപ്പിക്കലാണ്; ഭിന്നിപ്പിക്കലല്ല.

അഹറോനും പുത്രന്മാരും പുരോഹിതന്മാരായി അവരോധിക്കപ്പെടുമ്പോൾ ത്രിവിധചടങ്ങുകളാണുള്ളത്: ശുദ്ധീകരണം, വസ്ത്രധാരണം, അഭിഷേകം. വെള്ളംകൊണ്ടുള്ള കഴുകൽ ശുദ്ധീകരണത്തിന്റെ (purification) അടയാളമാണ്. ദൈവശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവർ ആത്മീയമായും ശാരീരികമായും ശുദ്ധിയുള്ളവരായിരിക്കണം എന്ന വസ്തുത ഈ കർമം ഓർമിപ്പിക്കുന്നു. രാജകീയവസ്ത്രങ്ങൾ പുരോഹിതൻ ധരിക്കുന്നതിന്റെ അർഥം ഈ ദൈവശുശ്രൂഷ ശ്രേഷ്ഠവും മഹനീയവുമാണെന്നുള്ളതാണ്. തൈലാഭിഷേകം അർഥമാക്കുന്നത് ഒരാളെ ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം മാറ്റിവയ്ക്കുകയും പ്രതിഷ്ഠിക്കുകയുമാണെന്നതാണ്.

**ഏശയ്യാ 6:1–8:** ഏശയ്യാപ്രവാചകന്റെ ദൈവവിളിയുടെ വിവരണമാണിത്. തനിക്കു പ്രത്യക്ഷനായ ദൈവത്തെക്കുറിച്ചുള്ള വർണനയാണ് പ്രവാചകൻ ആദ്യം നടത്തുന്നത്: ഉന്നതമായ സിംഹാസനത്തിൽ ഉപവിഷ്ടൻ; ദൈവാലയം മുഴുവൻ നിറഞ്ഞുനിന്ന വസ്ത്രാഞ്ചലം (6:1). ദൈവത്തിന്റെ അപരിമേയമായ മഹത്വവും (glory) അധീശത്വവും (authority) ആണ് ഇവിടെ വർണിക്കുന്നത്.

ദൈവത്തിനുചുറ്റും നിൽക്കുന്നത് സെറാഫുകളാണെന്നു പ്രവാചകൻ പറയുന്നു. ഹീബ്രുഭാഷയിൽ ‘സെറാഫിം’ (seraphim) എന്ന പദം ദൈവദൂതന്മാരെയാണ് അർഥമാക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധിയെ എപ്പോഴും പ്രഘോഷിക്കുന്നവരാണ് സെറാഫുകൾ. അവരുടെ ദൗത്യം അതാണ്. ദൈവത്തിന്റെ മഹത്വത്തിന്റെയും അധികാരത്തിന്റെയും പരിശുദ്ധിയുടെയുംമുമ്പിൽ താൻ എത്രമാത്രം നിസ്സാരനാണെന്ന സത്യം തിരിച്ചറിയുന്ന ഏശയ്യാപ്രവാചകൻ തന്റെ കുറവിനെക്കുറിച്ച് ഇവിടെ പറഞ്ഞുവയ്ക്കുന്നുണ്ട്: “ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്” (6:5). ഗ്രീക്കുഭാഷയിലെ ‘അകത്താർതോസ്’ (akathartos) എന്ന പദത്തിന്റെ അർഥം unclean, defiled എന്നൊക്കെയാണ്. ഒരാളുടെ ശുദ്ധിയില്ലായ്മയെ കുറിക്കുന്ന പദമാണിത്. തനിക്ക് അഹങ്കരിക്കാൻ ഒന്നുമില്ലെന്നു പറയുന്ന, താൻ നിസ്സാരനാണെന്നു വ്യക്തമാക്കുന്ന പ്രവാചകന്റെ വാക്കുകളാണിവ. ദൈവത്തിന്റെ വിളി സ്വീകരിച്ചവർക്കുണ്ടായിരിക്കേണ്ട ‘വിനയ’ഭാവം ഏശയ്യായിൽ കാണുന്നുണ്ട്.

ഏശയ്യാപ്രവാചകന്റെ അധരത്തെ ദൈവം ശുദ്ധീകരിക്കുന്നുണ്ട്. അത് അദ്ദേഹത്തിനു ദൈവം നൽകുന്ന പ്രവാചകദൗത്യത്തിന്റെ സൂചനതന്നെയാണ് (6:6-7). തീക്കനലുമായി വന്ന സെറാഫുകളിലൊന്ന് പ്രവാചകന്റെ അധരത്തെ സ്പർശിച്ചു പറഞ്ഞു: മാലിന്യം നീക്കപ്പെട്ടു, പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു. ഗ്രീക്കുഭാഷയിലെ ‘അനോമിയ’ (anomia) എന്ന വാക്കിന് iniquity, wickedness എന്നൊക്കെയാണ് അർഥം. ഒരാളുടെ പരിശുദ്ധിയുടെ കുറവിനെയാണ് ഇതു കാണിക്കുന്നത്. ദൈവവുമായുള്ള ബന്ധത്തിന്റെ കുറവിനെയും ഇതു സൂചിപ്പിക്കുന്നു. മാലിന്യം നീക്കപ്പെട്ടതുവഴി, പാപങ്ങൾ ക്ഷമിക്കപ്പെട്ടതുവഴി ദൈവവുമായുള്ള സജീവബന്ധത്തിലായിത്തീർന്നു പ്രവാചകൻ. ദൈവത്തിന്റെ പ്രവാചകൻ മാലിന്യത്തിൽനിന്നു മുക്തനായിരിക്കണം. ദൈവബന്ധത്തിലായിരിക്കണം.

ദൈവം വിളിക്കുമ്പോൾ നൽകേണ്ട പ്രത്യുത്തരം എപ്രകാരമുള്ളതായിരിക്കണമെന്നും പ്രവാചകൻ പഠിപ്പിക്കുന്നുണ്ട്: “ഇതാ ഞാൻ! എന്നെ അയച്ചാലും!” (6:8). ദൈവവിളിക്കുള്ള പ്രത്യുത്തരം ഭാവാത്മകമായിരിക്കണം. എനിക്ക് എന്റേതായ വഴികളില്ല; ഉള്ളത് ദൈവവഴികളാണ്. ആ വഴിയേയാണു ഞാൻ അയയ്ക്കപ്പെടേണ്ടതും സഞ്ചരിക്കേണ്ടതും. ദൈവവിളിക്കുമുമ്പിൽ ഞാൻ നിഷേധഭാവം കാട്ടാൻ പാടില്ല.

**1 കോറിന്തോസ് 1:26–31:** ഓരോരുത്തരുടെയും വിളിയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും പൗലോസ് തന്റെ ലേഖനങ്ങളിൽ കുറിക്കുന്നുണ്ട്. ദൈവത്തിന്റെ നിയോഗമനുസരിച്ച് ജീവിതം നയിക്കാൻ സഭാമക്കളോടു കല്പിക്കുന്നുമുണ്ട് (1 കോറി. 7:17). ഇന്നത്തെ വായനയിൽ ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളിയെക്കുറിച്ചു ‘ചിന്തിക്കാൻ’ പൗലോസ് നിർദേശിക്കുകയാണ്.

വിളിക്കപ്പെട്ടവർ പല തരത്തിലുള്ള ഭിന്നതകളിലേക്കു നീങ്ങിയപ്പോൾ ഒരു പുനർവിചിന്തനത്തിന് ശ്ലീഹാ കോറിന്ത് സഭാംഗങ്ങളെ ഒരുക്കുകയാണിവിടെ. ‘നോക്കുക’ (see) എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ ബ്ളെപോ (blepo) എന്ന ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന് consider, take heed എന്നൊക്കെ അർഥങ്ങളും ഉണ്ട്. വിളിയെക്കുറിച്ച് ആഴത്തിൽ പരിചിന്തനം നടത്താനുള്ള ആഹ്വാനമാണിത്.

ദൈവവിളിയെ സൂചിപ്പിക്കാൻ ഗ്രീക്കുഭാഷയിലെ ക്ലെസിസ് (klesis) എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. പൗലോസിന്റെ ലേഖനങ്ങളിൽ ഏറെ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണിത് (റോമ 11:29; 1 കോറി. 1:26; 7:20; എഫേ. 1:18; 4:1; 4:4; ഫിലി. 3:14; 2 തെസ. 1:11; 2 തിമോ. 1:19). ഓരോരുത്തർക്കും വിളിയുണ്ട്, ദൈവമാണ് അവരെ വിളിക്കുന്നത്, വിളിക്കനുസരിച്ചാണ് ഓരോരുത്തരും ജീവിതം നയിക്കേണ്ടത് തുടങ്ങിയ കാര്യങ്ങളാണ് ഈ വാക്കുമായി ബന്ധപ്പെടുത്തി പൗലോസ് സംസാരിക്കുന്നത്.

കോറിന്ത് സഭാക്കൂട്ടായ്മയിലെ ചിലർ അഹങ്കരിച്ചപ്പോൾ, അനുചിതമായി പ്രവർത്തിച്ചപ്പോൾ അവരുടെ വിളിയെപ്പറ്റി പൗലോസ് ഓർമിപ്പിക്കുകയാണിവിടെ. “ലൗകികമാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല” (1:26). ഗ്രീക്കുഭാഷയിലെ ‘കത്താ സാർകാ’ (kata sarka) എന്ന പദത്തിന്റെ അർഥം ‘according to worldly standards’ എന്നാണ്. ലോകദൃഷ്ടിയിൽ ജ്ഞാനികളും കുടുംബമഹിമയുള്ളവരും സ്വാധീനമുള്ളവരുമായി നിങ്ങളിൽ അധികം പേരില്ലായെന്ന പൗലോസിന്റെ പരാമർശം കോറിന്തോസുകാരുടെ നിസ്സാരതയെയാണു കുറിക്കുന്നത്. ദൈവം തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തത് മാനുഷികദൃഷ്ടിയിൽ അവഗണിക്കപ്പെട്ടവരെയും നിസാരക്കാരെയുമാണ്. അവരിലൂടെ ദൈവത്തിന്റെ മഹത്വം പ്രകടമാകുന്നതിനുവേണ്ടിയാണ് അവരെ തിരഞ്ഞെടുത്തത്. ഒരാളുടെ ജീവന്റെ ഉറവിടം ഈശോമിശിഹാതന്നെയാണ്. എനിക്ക് എന്റേതായി ഒന്നുമില്ല. അതിനാൽ, സ്വന്തമായി അഭിമാനിക്കാൻ എനിക്കൊന്നുമില്ല. അക്കാരണത്താലാണ് പൗലോസ് പറയുന്നത്: അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ.

**മത്തായി 9:27–38:** ഈശോയുടെ യാത്രകളിലെല്ലാം അവിടുന്നു ദൈവരാജ്യത്തെക്കുറിച്ചു പ്രഘോഷിച്ചു. ഒപ്പം, രോഗശാന്തിശുശ്രൂഷയും നൽകി. അന്ധരായ രണ്ടു മനുഷ്യർക്കു കാഴ്ചശക്തി നൽകുന്നതും (9:27-31) ഊമനു സംസാരശക്തി നൽകുന്നതും (9:32-34) അവിടുത്തെ രോഗശാന്തിശുശ്രൂഷയുടെ ഉദാഹരണങ്ങളാണ്.

ഈശോയുടെ പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ഭാവം ‘അനുകമ്പ’ യുടേതാണ്. ഗ്രീക്കുഭാഷയിൽ ‘സ്പാളാങ്കനീസ്സോമായ്’ (splanchanizomai) എന്ന വാക്കിന്റെ അർഥം be moved with compassion എന്നാണ്. ഇത് ഒരു sympathy ആണ്- സഹാനുഭൂതി. ഹൃദയത്തിന്റെ ഭാവമാണിത്. ഇതിലേക്കാണ് ഈശോ തന്റെ ശിഷ്യരെ ക്ഷണിക്കുന്നതും. ദൈവത്തിന്റെ ജനം നിസ്സഹായരും പരിഭ്രാന്തരുമാകുമ്പോൾ ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവരുടെ ഭാവം അനുകമ്പയുള്ളതും കാരുണ്യത്തിന്റേതുമാകണം.

പ്രേഷിതശുശ്രൂഷയ്ക്കായി ഒരാളെ വിളിക്കുന്നതും അയയ്ക്കുന്നതും ദൈവമാണ്. അതാണു ദൈവവിളി. മനുഷ്യൻ സ്വന്തമായി ഏറ്റെടുക്കുന്ന ഒന്നല്ല പ്രേഷിതശുശ്രൂഷ. വിളഭൂമിയിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതു പിതാവായ ദൈവം തന്നെയാണ്. ആ ദൈവത്തോടു പ്രാർഥിക്കാനാണ് ഈശോ ശിഷ്യന്മാരോടാവശ്യപ്പെടുന്നത്. പിതാവായ ദൈവവുമായി അവർക്കുണ്ടായിരിക്കേണ്ട ബന്ധത്തെയും ഇതു സൂചിപ്പിക്കുന്നു.

പുതിയ നോവൽ ആരംഭിക്കുന്നു



# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

ആകാശത്തെ തൊട്ടുരുമ്മി നിൽക്കുന്ന മലകൾക്കു മഞ്ഞിന്റെ മേലാവരണം. കാർ കയറ്റം കയറുകയാണ്. ഒരു വശത്ത് അഗാധമായ കൊക്ക. മറുവശത്ത് വലിയ കുന്ന്. ജയേഷ് സാവധാനമാണ് കാർ ഓടിച്ചിരുന്നത്.

കാറിന്റെ വിൻഡോ ഗ്ലാസ് താഴ്ത്തിവച്ചിട്ട് ജയേഷ് വലതുവശത്തേക്കു നോക്കി. പച്ചവിരിച്ച മലഞ്ചെരിവുകളിൽ ഏലവും കാപ്പിയും തെങ്ങും മരങ്ങളും. തണുത്ത കാറ്റ് ഉള്ളിലേക്ക് അടിച്ചുകയറിക്കൊണ്ടിരുന്നു.

"എങ്ങനെയുണ്ട് അമ്മേ ഈ സ്ഥലം?"

ഇടതുവശത്തിരുന്ന സൂസമ്മയോട് ജയേഷ് ചോദിച്ചു.

"നല്ല സ്ഥലമാ; പക്ഷേ, എന്നാ കേറ്റമാ. താഴേക്കു നോക്കുമ്പം പേടിയാകുന്നു. ഇനി എന്തോരം ദൂരംകൂടിയുണ്ട് മോനേ?"

"പത്തിരുപതു കിലോമീറ്ററുകൂടി കാണും. കുറച്ചുകൂടി ചെന്നാൽ വനമാ. അഞ്ചെട്ടു കിലോമീറ്റർ വനത്തിലൂടെ പോണം. ഭാഗ്യമുണ്ടെങ്കിൽ വഴീൽ ആനയോ കടുവയോ കാണാം."

"പേടിപ്പിക്കാതെടാ. ആനയോ കടുവയോ ഒന്നും കാണല്ലേന്നു പ്രാർഥിച്ച് ഞാനിവിടെ കൊന്ത ചൊല്ലിക്കൊണ്ടിരിക്കുവാ. അപ്പഴാ നിന്റെയൊരു വേണ്ടാത്ത വർത്താനം."

"അമ്മ കണ്ടോ, ദേ..., ആ മലേടെ മോളിലൊരു വീട്. അവിടൊക്കെ താമസിക്കുന്നോരുടെ കാര്യം ഒന്നോർത്തു നോക്കിക്കേ. ഒരു പെരുമഴയോ ഉരുൾപൊട്ടലോ ഉണ്ടായാൽ തീർന്നില്ലേ ജീവിതം."

"പണ്ട് ജീവിക്കാൻവേണ്ടി മനുഷ്യർ പെട്ടപാട് നിനക്കൊന്നും അറിഞ്ഞൂടാ. എല്ലാ വീട്ടിലും കാണും എട്ടും പത്തും മക്കള്. ഇരുപത്തൊന്നു വയസാകുമ്പോഴേക്കും ആണുങ്ങളു കല്യാണം കഴിക്കും. കാർന്നോന്മാര് മക്കളെയുംകൂട്ടി ഇതുപോലുള്ള മലമുകളിൽ വന്ന് വനം വെട്ടിപ്പിടിച്ചെടുക്കും. അതു വീതംവച്ച് മക്കൾക്കു കൊടുത്ത് ഒരു വീടും വച്ചു കൊടുക്കും. കെട്ട്യോനും കെട്ടിയോളുംകൂടി ആ മണ്ണിൽ പണിയെടുത്തു കൃഷി ചെയ്തു ജീവിക്കും. വർഷത്തിൽ ഓരോ മക്കളും ഒണ്ടാകും. ഒരു സൂക്കേട് വന്നാൽ ആശുപത്രീൽ പോകാൻ പോലും മാർഗമില്ല. അടുത്തെങ്ങാനും ഒരാശുപത്രി ഉണ്ടായിട്ടു വേണ്ടേ! പാമ്പു കടിച്ചും മലമ്പനി പിടിച്ചും എത്രയോ പേരു മരിച്ചിരിക്കുന്നു. നിന്റെ അപ്പന്റെ അപ്പന്റെ അപ്പൻ ഇതുപോലെ ഒരുപാട് കഷ്ടപ്പെട്ടതാ. ഇപ്പഴത്തെ പിള്ളേരോട് ഇതു വല്ലതും പറഞ്ഞാ മനസ്സിലാകുമോ? നീയൊക്കെ കയ്യേൽ മണ്ണുപറ്റിച്ചിട്ടുണ്ടോ? എന്തേലും ഒരു സാധനം മണ്ണിൽ കുഴിച്ചുവച്ചിട്ടുണ്ടോ?"

"അമ്മ തുടങ്ങി പഴമ്പുരാണം. ഇന്ന് ആർക്കുവേണം അമ്മേ മണ്ണ്? മണ്ണിൽ പണിയെടുത്താൽ എന്നാ കിട്ടും? അതും വെയിലുംകൊണ്ട് മഴേം നനഞ്ഞ്. ഇന്ന് എസി മുറീലിരുന്ന് കമ്പ്യൂട്ടറേൽ രണ്ട് അടി അടിച്ചാൽ കിട്ടും മാസം പത്തമ്പതിനായിരം രൂപ. പണ്ടു ശാസ്ത്രം ഇത്രയും പുരോഗമിച്ചിട്ടില്ലായിരുന്നതുകൊണ്ട് മണ്ണുമാത്രമായിരുന്നു മനുഷ്യന്റെ വരുമാനമാർഗം. അരീം കപ്പേം ചക്കയുമായിരുന്നു തിന്നാനുണ്ടായിരുന്നത്. ഇന്നതാണോ? എത്രയോ വെറൈറ്റി ഫുഡാ. എന്നാ ടേസ്റ്റാ..."

"പക്ഷേ, വലിച്ചുവാരി തിന്നുന്നതെല്ലാം വിഷമല്ലേ മോനേ?" പാലിലുപോലും വിഷമല്ലേ? പണ്ടൊക്കെ പശുവിനെ കറന്ന് മൊന്തയിൽ പാലുകൊണ്ടു വരുമ്പം മൊന്ത നിറഞ്ഞുനിൽക്കുന്ന ആ പത ഒന്നു കാണണമായിരുന്നു. അതിന്റെ മണമൊന്ന് അറിയണമായിരുന്നു. ഇന്ന് കടേന്നു വാങ്ങിക്കുന്ന പാല് അന്നത്തെ പാലിന്റെ ഏഴയലത്തുവരില്ല. അതെങ്ങനാ, കേടാകാതിരിക്കാൻ എന്തൊക്കെയോ ചേർക്കുന്നതെന്ന് ആർക്കറിയാം."

പഴങ്കഥകളും അനുഭവങ്ങളും പറഞ്ഞും ചിരിച്ചും അവർ യാത്ര തുടർന്നു. കുറേദൂരം ചെന്നപ്പോൾ നിബിഡമായ വനത്തിലേക്കു കടന്നു. വനത്തിനുള്ളിലെ റോഡിലൂടെയായിരുന്നു പിന്നീടുള്ള യാത്ര.

"ദേ അമ്മേ ആന."

ജയേഷ് കൈചൂണ്ടിയിടത്തേക്ക് സൂസമ്മ നോക്കി. നാലഞ്ച് ആനകൾ മലഞ്ചെരിവിൽ മേയുന്നു.

"നിന്റെ നാക്ക് കരിനാക്കാണല്ലോ."

"നമുക്ക് ഇവിടെ ഇറങ്ങി ഒന്നു കണ്ടിട്ടുപോയാലോ അമ്മേ? വല്ലപ്പോഴുമേ ഇതൊക്കെ കാണാൻ പറ്റൂ."

"ഒന്നു വേഗം വിടെടാ. എന്റെ ഉള്ളിൽ തീയാ. അപ്പഴാ നിന്റെ ഒരാനപ്രേമം."

"ഇതൊക്കെ ഒരു ത്രിൽ അല്ലേ അമ്മേ. ആനേം കടുവേം കാണാനായിട്ടുതന്നെ എത്രയോ ആളുകളാ വനത്തിലേക്കു വരുന്നതെന്നറിയാമോ? ഇപ്പഴത്തെ പിള്ളേരുടെ ധൈര്യമൊന്നും അമ്മയ്ക്കു പറഞ്ഞാൽ മനസ്സിലാവില്ല."

"വാചകമടിക്കാതെ നീ വണ്ടി വേഗം വിട്."

ജയേഷ് ഒന്നു ചിരിച്ചിട്ട് കാറിന്റെ സ്പീഡ് കൂട്ടി. വനത്തിൽനിന്നു പുറത്തുകടന്നപ്പോഴാണ് സൂസമ്മയുടെ ശ്വാസം നേരേ വീണത്.



കുറച്ചുദൂരം ചെന്ന് ഒരു കവലയിലെത്തിയപ്പോൾ ജയേഷ് കാർ നിറുത്തി. നാലഞ്ചുകടകളുള്ള ഒരു ചെറിയ കവലയായിരുന്നു അത്.

"എനിക്കു വിശക്കുന്നുണ്ട്. നമുക്ക് എന്തെങ്കിലും കഴിച്ചിട്ടു പോകാം അമ്മേ."

"ഇവിടെ ചായക്കട വല്ലോം ഒണ്ടോടാ?"

"ഞാനൊന്നു നോക്കീട്ടു വരാം.'

ജയേഷ് കാറിൽനിന്നിറങ്ങി ചുറ്റും നോക്കി. റ്റീഷോപ്പ് എന്ന് ബോർഡു വച്ച ഒരു കടയിലേക്കു നടന്നു. സൂസമ്മ കാറിൽ ഇരുന്നതേയുള്ളൂ. തെല്ലുനേരം കഴിഞ്ഞു തിരിച്ചുവന്നിട്ട് ജയേഷ് പറഞ്ഞു:

"ഇവിടെ ചെറിയൊരു കടയുണ്ട്. കഴിക്കാൻ അപ്പവും മുട്ടയും ഉണ്ട്. അതു പോരേ?"

"മതി മോനെ."

സൂസമ്മ കാറിൽനിന്നിറങ്ങി മകന്റെ പിന്നാലെ നടന്നു.

ഒരുപാട് ഭംഗിയോ സജ്ജീകരണങ്ങളോ ഇല്ലാത്ത ചെറിയ ചായക്കടയാണ്. കൈകഴുകിയിട്ട് ടേബിളിനരികിൽ വന്നിരിക്കുമ്പോൾ സപ്ലയർ അപ്പവും മുട്ടക്കറിയും കൊണ്ടുവന്നു മുമ്പിൽവച്ചു. പിന്നാലെ ചായയും എത്തി. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് വയറുനിറയെ കഴിച്ചു. അപ്പത്തിനും മുട്ടക്കറിക്കും നല്ല രുചിയായിരുന്നു. അല്ലെങ്കിലും നാട്ടിൻപുറത്തെ ചായക്കടകളിലെ ഭക്ഷണത്തിന്റെ രുചി ഒന്നു വേറേയാണല്ലോ. സൂസമ്മയ്ക്കു നന്നേ ഇഷ്ടമായി.

ഭക്ഷണം കഴിഞ്ഞ് പണം കൊടുക്കുമ്പോൾ മാനേജർ ചോദിച്ചു:

"എവിടുന്നു വരികാ?"

"മൂവാറ്റുപുഴ." ജയേഷ് സ്ഥലപ്പേര് പറഞ്ഞു.

"എങ്ങോട്ടാ?"

"കുറുക്കൻകുന്ന്. ഇവിടുന്ന് എന്തു ദൂരമുണ്ട്?"

"അഞ്ചെട്ടു കിലോമീറ്ററുണ്ട്. നേരേപോയി ഒരു നാലുകിലോമീറ്ററുകഴിയുമ്പം വലത്തോട്ട് ഒരു തിരിവുണ്ട്. ആ വഴി നേരേ പോയാ മതി. അവിടെ ആരാ?"

"ഒരു ബന്ധുക്കാരനാ."

കൂടുതലൊന്നും പറയാതെ ജയേഷ് കടയിൽനിന്നിറങ്ങി കാറിനടുത്തേക്കു നടന്നു. കാർ മുമ്പോട്ട് ഓടുമ്പോൾ ജയേഷ് ചോദിച്ചു:

"നമുക്കവരെ കണ്ടുപിടിക്കാൻ പറ്റ്വോ അമ്മേ? ഈ നാട്ടീന്നു പോയോന്ന് ആർക്കറിയാം."

"ഞാൻ പറഞ്ഞല്ലോ, നേരേ പള്ളീലേക്കു വണ്ടി വിട്. അച്ചന് അറിയാത്ത വീടൊന്നും ആ കരേൽ കാണുകേല."

ജയേഷ് പിന്നൊന്നും പറഞ്ഞില്ല. കയറ്റവും ഇറക്കവുമുള്ള റോഡിലൂടെ കാർ ഓടിക്കൊണ്ടിരുന്നു. പത്തരമണിയായപ്പോൾ കുറുക്കൻകുന്നു കവലയിലെത്തി. മൂന്നോ നാലോ കടകളുള്ള ഒരു ചെറിയ കവല. റോഡരുകിൽ വലിയൊരു ബദാംമരം പടർന്നു പന്തലിച്ചു നില്ക്കുന്നു. അതിനു ചുവട്ടിൽ ഒരു ഓട്ടോറിക്ഷ കിടപ്പുണ്ടായിരുന്നു. സൂസമ്മ കാറിന്റെ ഗ്ലാസ് താഴ്ത്തിവച്ചിട്ട് ഓട്ടോയിൽ ചാരിനിൽക്കയായിരുന്ന ഡ്രൈവറോടു ചോദിച്ചു:

"കുറുക്കൻകുന്നു പള്ളി."

"ഈ വഴി നേരേ പോയി ഒരരക്കിലോമീറ്റർ കഴിയുമ്പം ഇടതുവശത്തു കുന്നിൻമുകളിൽ കാണുന്ന പള്ളിയാ."

ഡ്രൈവർ ചൂണ്ടിക്കാണിച്ച വഴിയേ ജയേഷ് കാർ വിട്ടു. കയറ്റം കയറി പള്ളിമുറ്റത്ത് കാർ വന്നു നിന്നു. ജയേഷും സൂസമ്മയും കാറിൽനിന്നിറങ്ങി സാവധാനം പള്ളിമേടയിലേക്കു നടന്നു.

കോളിങ് ബെല്ലിൽ വിരലമർത്തി കാത്തുനിന്നപ്പോൾ വാതിൽ തുറന്നത് ഇടവകവികാരി ഫാ. മാത്യു കുരിശിങ്കൽ. കൈകൂപ്പി സ്തുതി ചൊല്ലിയിട്ട് സൂസമ്മ പറഞ്ഞു:

"ഞങ്ങളിത്തിരി ദൂരേന്നു വരികാ. ഇവിടെ കുന്നുംപുറത്ത് തോമസ് എന്നൊരാളെ അച്ചനറിയാമോ?

"കുന്നുംപുറത്ത് എന്നൊരു വീടുണ്ട്. തോമസ് എന്നൊരാളും അവിടുണ്ടായിരുന്നു. നിങ്ങൾ ഉദ്ദേശിക്കുന്ന ആളാണോന്നറിയില്ല, ആ തോമസ് മരിച്ചുപോയി."

"ഞങ്ങളു പറഞ്ഞ തോമസിന് രണ്ടു പെൺമക്കൾമാത്രമേയുള്ളൂ. ഭാര്യയുടെ പേര് സിസിലി."

"ങ്ഹാ അപ്പം ഞാൻ പറഞ്ഞ ആളുതന്നെ. ഈ റോഡേ നേരേ പോയി അരക്കിലോമീറ്റർ ചെല്ലുമ്പം വലത്തോട്ട് ഒരു ചെമ്മൺ റോഡുണ്ട്. അതിലേ ഒരു അരമുക്കാൽ കിലോമീറ്ററു ചെല്ലുമ്പം ഇടത്തോട്ട് ഒരു വഴിയുണ്ട്. ആ വഴി നേരേ ഈ പറഞ്ഞ തോമസിന്റെ വീട്ടിലേക്കാ. ആട്ടെ, തോമസിന്റെ ആരാ?"

"പണ്ട് ഞങ്ങൾ അയൽക്കാരായിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞവരാ. പത്തിരുപതുവർഷം മുമ്പ് വീടുവിറ്റ് അവര് ഹൈറേഞ്ചിലേക്കു പോയി. നേരത്തേ തോപ്രാംകുടിയിലായിരുന്നു. പിന്നെ ആ സ്ഥലം വിറ്റ് ഇങ്ങോട്ടുപോന്നു. കുറെ വർഷമായിട്ട് വിവരങ്ങളൊന്നും അറിയില്ലായിരുന്നു."

"ഇപ്പം എന്താ കാണണമെന്നു തോന്നീത്?"

"ഇവന്റെ കല്യാണം ഒറപ്പിച്ചു. അതിനു ക്ഷണിക്കാൻകൂടി വന്നതാ. സിസിലീടെ തോളിൽ കിടന്നാ ഇവൻ വളർന്നതേ. എന്നോടുള്ളതിനേക്കാൾ കൂടുതൽ സ്നേഹം ഇവന് അവളോടായിരുന്നു."

സൂസമ്മ ചരിത്രം വിളമ്പാൻ തുടങ്ങിയപ്പോൾ ജയേഷ് നിറുത്താൻ കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. സൂസമ്മ അങ്ങനെയാണ്. ഒരു പരിചയവുമില്ലാത്ത ആളോടും മനസ്സുതുറന്നു സംസാരിക്കും. "എന്നാ ഇറങ്ങട്ടെ അച്ചോ. വഴി പറഞ്ഞുതന്നതിന് ഒരുപാട് നന്ദി."

ശേഷം 13-ാം പേജിൽ

# കള്ളം പഠിപ്പിക്കുന്ന വീടുകൾ



ജയരാജ് മിത്ര

“അവൻ വായ പൊളിച്ചാനൊണേ പറയൂ!”

‘‘പെണ്ണിത്തിരി ഭേദായിരുന്നു. ഇപ്പൊ അവളും തൊടങ്ങീ കള്ളത്തരം!”

ഇത്, കേരളത്തിലെ പല വീടുകളിലെയും അച്ഛനമ്മമാരുടെ ഒരു പരിഭവമാണ്.

വിളക്കുവെച്ച് രണ്ടു നേരം പ്രാർഥിക്കും. നല്ല നല്ല ഉപദേശങ്ങൾ കൊടുക്കും. ലോകത്തിലെ സത്യസന്ധരായ ആൾക്കാരുടെ കഥകൾ പറഞ്ഞുകൊടുക്കും. സത്യത്തിന്റെ മഹത്ത്വം മനസ്സിലാക്കിക്കൊടുക്കാവുന്നിടത്തോളം കൊടുത്തിട്ടും; ഒരു പ്രായം കഴിയുമ്പോൾ, മക്കൾ കള്ളം പറഞ്ഞുതുടങ്ങുന്നു!

കള്ളത്തരം കാട്ടിത്തുടങ്ങുന്നു!

പെട്ടെന്നു ദേഷ്യപ്പെടുന്നു!

അനാവശ്യമായി തർക്കിക്കുന്നു!

ദേഷ്യം വരുമ്പോൾ; കൈയിലുള്ള സാധനങ്ങൾ വലിച്ചെറിഞ്ഞു തകർക്കുന്നു!

ഓരോ വീട്ടിലും എപ്പോൾ വേണമെങ്കിലും സ്വയം പൊട്ടാൻ തയ്യാറായ ബോംബുകളായി മക്കൾ വളർന്നുവരുന്നു!

ആരാണിവരെ കള്ളം പറയാൻ പഠിപ്പിച്ചത്?

അവനവനിലേക്കു സത്യസന്ധമായി ഒന്നു നോക്കിയാൽ മാത്രമേ ഉത്തരം കിട്ടൂ.

നമ്മളുടെ രക്തത്തിൽ പിറന്ന കുഞ്ഞിനെ ഏറ്റവും നല്ല കള്ളനാക്കാൻ; ഏറ്റവും നന്നായി നുണ പറയിക്കാൻ, നമ്മളെക്കാൾ നന്നായി മറ്റാർക്കും പറ്റില്ല.

അതായത്, സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും; ദുർവാസനകൾ നിറച്ച് അവരെ സംഹരിക്കുന്നതും നമ്മൾ തന്നെ!

പല വീടുകളിലും നടക്കുന്ന നിത്യാചാരങ്ങളെപ്പറ്റി ഒന്നോർത്തുനോക്കാം.

രാത്രി കുട്ടികൾ ഉറങ്ങാൻ പോകുന്നതിനുമുമ്പ് എന്താണു സംഭവിക്കുന്നത്?

അച്ഛനോ അമ്മയോ കടുപ്പിച്ച ഗൗരവത്തിൽ കുട്ടികളോടു പറയുന്നു.

‘പോയിക്കിടക്ക്. നാളെ പരീക്ഷ ഉള്ളതല്ലേ?’

‘ഇനി വല്ല കഥാപുസ്തകവും വായിച്ച് ഉറങ്ങാതെ കിടന്നാലുണ്ടല്ലോ.....!’

‘ലൈറ്റ് ഓഫാക്കിക്കോ... ഇനി വല്ല വർത്താനൂം കേട്ടാ....!’

‘പഠിച്ചു കഴിഞ്ഞിട്ട് ഒറങ്ങ്യാ മതി! പുസ്തകം എട്ത്താ അപ്പൊ തൊടങ്ങും കോട്ടുവായ...!’

ഇങ്ങനെ ആക്ഷേപിച്ചും അധിക്ഷേപിച്ചും; ഹോം വർക്കിനെക്കുറിച്ചും പരീക്ഷയെക്കുറിച്ചും ഓർമിപ്പിച്ചും പേടിപ്പിച്ചുമാണ് നമ്മൾ മിക്കവരും കുട്ടികളെ നിത്യം ഉറങ്ങാൻ വിടുന്നത്.

എല്ലാം മറന്നു വിശ്രമിക്കേണ്ടതായ സമയത്ത്, ശരീരത്തിനുള്ളിൽ കലുഷമായൊരു മനസ്സുമായാണ് കുട്ടികൾ എന്നും ഉറക്കത്തെ തൊടുന്നത്.

ഇതിന്റെ തുടർച്ചയായാണ് അവർ ഉണർന്നുവരിക.

പേടിച്ചും ഭീഷണി കേട്ടും തല്ലുകൊണ്ടും കരഞ്ഞും ഉറങ്ങിയവർ, അതിന്റെ തുടർച്ചയായി അടുത്ത ദിവസം തുടങ്ങുകയാണ്.

‘നശിച്ച ഈ ലോകത്തേക്ക് കാലത്ത് എണീൽക്കാൻ’ ഇഷ്ടമില്ലാതെ കിടക്കുന്ന കുട്ടികളെ അടിച്ചുണർത്തുകയായി നമ്മൾ!

അവരുടെ, നല്ലതോ കെട്ടതോ ആയ സ്വപ്നത്തിലെ യാത്രകൾക്കിടയിലേക്കാണ് നമ്മളുടെ അട്ടഹാസം ചെന്നുവീഴുന്നത്.

‘ഡാ!’

‘ഡീ!’



ഈ അലർച്ചയിൽ കുട്ടികൾ ഒന്നു ഞെട്ടും.

ഓരോ ഞെട്ടലിനും അവരുടെ തലച്ചോറിൽ ഒരു ബ്ലാക്ക് സ്പോട്ട് മാർക്ക് ചെയ്യപ്പെടും.

ഇഷ്ടമില്ലാത്തൊരു ശബ്ദം കുട്ടിയുടെ തലച്ചോറിൽ സൃഷ്ടിച്ച ഈ മോശം ഊർജം ഉടൻ സേവ് ചെയ്ത് വയ്ക്കുകയായി!

ആവശ്യം വരുന്ന നേരത്ത്, ഇതേ കറുത്ത ചെപ്പ് തുറന്ന്, തിരിച്ചൊന്നലറിയാൽ അപ്പുറവും ഭയക്കും എന്നറിയുന്ന പ്രകൃതി എല്ലാം എടുത്തു വയ്ക്കുകയാണ്!

ആദ്യഞെട്ടലിൽ ഭയന്ന് ഉണർന്ന്, പിന്നെ, ‘ഇത് സ്ഥിരം പരിപാടിയാണല്ലോ.’ എന്ന നിസ്സംഗത സൃഷ്ടിച്ച്, കുട്ടി വീണ്ടും ഉറങ്ങാൻ തുടങ്ങുമ്പോഴാണ്, നെഞ്ചിലോ മുതുകത്തോ തുടയിലോ അടി വീഴുന്നത്!

‘പഠിക്കാനില്ലേടാ.....!’

‘എണീറ്റു പഠിക്കെഡീ...’

ആ ഞെട്ടലും എടുത്തു വയ്ക്കുന്ന കുട്ടി ഉറപ്പിക്കുന്നു;

‘എന്നെ ഒന്നു സമാധാനത്തോടെ ഉറങ്ങാൻ സമ്മതിക്കാത്ത ഈ പഠിപ്പ്, എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം.

അതിനു പറ്റിയില്ലെങ്കിൽ; ഇവരെയും ഇതൊക്കെ പഠിപ്പിക്കുന്നവരെയും ഒരു പാഠം പഠിപ്പിക്കണം.’

വീണ്ടും തിരിഞ്ഞുകിടന്ന് ഉറങ്ങാൻ ശ്രമിക്കുന്ന കുട്ടികളോടു നമ്മൾ പറയുന്നു:

‘ഡാ..., അഞ്ചു മണിക്കു വിളിക്കാനല്ലേ നീ പറഞ്ഞേല്പിച്ചത്? ‘സമയം ആറായി!’

‘ഡീ...., നിനക്ക് ആറരയ്ക്കല്ലേ ട്യൂഷൻ? സമയം ആറായി!’

ഇതുകേട്ട് കുട്ടികൾ വല്ലാത്തൊരു ഞെട്ടൽ ഞെട്ടുന്നു.

പറ്റിച്ചു!

ഇന്ന് എല്ലാം കുളമായി! ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ് സമയം നോക്കുമ്പോൾ, സമയം അഞ്ചായിട്ടേ ഉള്ളൂ!

അമ്മയും അച്ഛനും കള്ളം പറഞ്ഞതാണ്.

ഇതു പലപ്പോഴായി ആവർത്തിക്കുമ്പോൾ കുട്ടികൾ ഉറപ്പിക്കുന്നു: ‘കള്ളമാണ് ഈ ലോകം.’

ദിവസത്തിൽ ആദ്യം കേട്ടത് കള്ളമാണെങ്കിൽ; ആദ്യം പറയേണ്ടതും കള്ളമാണ്.’

ഇതു പഠിപ്പിച്ചത് കള്ളൻമാരല്ല.

കുട്ടികളുടെ നല്ലതുമാത്രം കൊതിക്കുന്ന അച്ഛനുമമ്മയും!

കുട്ടികൾ വളർന്നുവരികയാണ്.

സേവ് ചെയ്തു വച്ചത് ഓരോന്നോരോന്നായി അവർ എടുത്തു പ്രയോഗിക്കാൻ തുടങ്ങുമ്പോൾ രക്ഷിതാക്കൾ കരച്ചിലായി.

അന്നു രാത്രി കരഞ്ഞുറങ്ങിയത് കുട്ടികളെങ്കിൽ; ഇന്ന് രക്ഷിതാക്കളാണ് എന്നുമാത്രം.

ഇടയ്ക്കിടയ്ക്ക് മക്കൾ ഞെട്ടിക്കുന്ന വാർത്തകളുമായി വീടു കുലുക്കും.

പണ്ട് ഉറക്കത്തിൽ, പുറത്തുവീണ അടിയുടെ റിയാക്ഷനായി, റിമോട്ടും ഫോണുമെല്ലാം വീണലറി ശബ്ദമുണ്ടാക്കിയൊടുങ്ങാൻ തുടങ്ങും.

കളിച്ചുചിരിച്ച് ഉറങ്ങി, നല്ല നല്ല സ്വപ്നംകണ്ട് ചിരിച്ചെതിരേൽക്കേണ്ടതായ പുതുപ്രഭാതമില്ലാതാക്കിയവർക്കും ‘ഇനി ഒന്നും പ്രതീക്ഷിക്കേണ്ടതില്ലാ’ എന്ന അവസ്ഥ വന്നു.

കള്ളം പഠിച്ചു വളർന്നവർ കള്ളംമാത്രം പറയാനും ചെയ്യാനും തുടങ്ങി.

കുട്ടികളെ പേടിപ്പിക്കാതിരിക്കണം.

നിത്യം നല്ല കഥകൾ പറഞ്ഞു ചിരിപ്പിച്ചും ചിന്തിപ്പിച്ചും താളംതട്ടിയുറക്കണം. കാലത്ത്, മൃദുവായി തട്ടി, തലമുടി തലോടിയൊതുക്കി, ഉമ്മ നൽകി ഉണർത്തണം. അവരോടു സത്യമേ പറയാവൂ.

കുട്ടികൾ പാഠപുസ്തകങ്ങൾ മാത്രമല്ല; എല്ലാം പഠിക്കുന്നുണ്ട്.




11-ാം പേജ് തുടർച്ച

“ഓ” അച്ചൻ ചിരിച്ചുകൊണ്ടു തലകുലുക്കി.

കാറിൽ കയറിയപ്പോൾ ജയേഷ് അമ്മയെ നോക്കി കണ്ണുരുട്ടി.

“അമ്മ എന്തൊക്കെയാ പറഞ്ഞത്? അതും ഒരച്ചനോട്. ഞാൻ നാണംകെട്ടുപോയി. ഇതാ ഞാൻ അമ്മേടെകൂടെ ഒരിടത്തും പോരില്ലാത്തത്. വായിൽവരുന്നതു കോതയ്ക്കു പാട്ട്.”

“ഒള്ളതല്ലേ ഞാൻ പറഞ്ഞുള്ളൂ. ആരുടേം കുറ്റമൊന്നും പറഞ്ഞില്ലല്ലോ. സിസിലീടെ തോളേൽ കിടന്നാ നീ വളർന്നതെന്നു പറഞ്ഞതിലെന്നതാടാ കുറ്റം?”

ജയേഷ് പിന്നൊന്നും മിണ്ടിയില്ല. വണ്ടി ഓടിക്കൊണ്ടിരുന്നു.

ചെമ്മൺറോഡിലേക്കു തിരിഞ്ഞപ്പോൾ ഒരു വനത്തിലേക്കു കയറിയ പ്രതീതി. ഇരുവശത്തും വലിയ മരങ്ങൾ! കാണുമ്പോൾത്തന്നെ പേടിയാകും.

‘‘ഈ കാട്ടിനകത്താണോ അവരു താമസിക്കുന്നത്? പേടിയാകുന്നല്ലോ അമ്മേ.”

‘‘എന്തോരം നല്ല സ്ഥലം വിറ്റിട്ടാ ഈ മലമുകളിൽ വന്ന് അവരു സ്ഥലം മേടിച്ചത്. ഇപ്പം ഇവിടെ ഇതാ സ്ഥിതിയെങ്കിൽ പണ്ട് എന്തായിരുന്നിരിക്കും?’’ സൂസമ്മ താടിക്കു കൈയും കൊടുത്തിരുന്നു.

“തോമാച്ചൻ മരിച്ചുപോയ കാര്യം ഞാനറിഞ്ഞതേയില്ല. ആരും പറഞ്ഞുകേട്ടില്ലല്ലോ. എന്നാ പറ്റീതായിരിക്കും?” സൂസമ്മ ആരോടെന്നില്ലാതെ പറഞ്ഞു.

‘‘അങ്ങോട്ടല്ലേ പോണത്. ചെല്ലുമ്പം ചോദിക്കാം. മിണ്ടാതിരി.”

സൂസമ്മ പിന്നൊന്നും മിണ്ടിയില്ല.

അച്ചൻ പറഞ്ഞ വഴിയിലൂടെ ഓടി കാർ ചെന്നുനിന്നത് ഓടിട്ട ഒരു പഴയവീടിന്റെ മുറ്റത്ത്.

“ഇതുതന്നെയാണോ അമ്മേ വീട്? ഇത് ഒത്തിരി പഴേതാണല്ലോ.” ജയേഷ് പറഞ്ഞു.

‘‘നമുക്കു നോക്കാം. നീ ഇറങ്ങ്.”

സൂസമ്മയുടെ പിന്നാലെ ജയേഷ് ഇറങ്ങി. വരാന്തയിൽ കയറി കോളിങ്ബല്ലിൽ വിരലമർത്തി. വാതിൽ തുറന്നു പ്രത്യക്ഷപ്പെട്ടത് സിസിലി.

‘‘അല്ല. ഇതാര്. വിശ്വസിക്കാൻ പറ്റുന്നില്ലല്ലോ. എത്രനാളായി കണ്ടിട്ട്! എങ്ങനെ കണ്ടുപിടിച്ചു ഈ വീട്? നിങ്ങളു രണ്ടുപേരും മാത്രമേ വന്നുള്ളോ?” ഒറ്റ ശ്വാസത്തിൽ ഒരുപാടു ചോദ്യങ്ങൾ. പഴയ കൂട്ടുകാരിയെ കണ്ടുമുട്ടിയതിലുള്ള സന്തോഷം പ്രകടമായിരുന്നു സിസിലിയുടെ മുഖത്ത്. അവർ ഇറങ്ങിവന്ന് സൂസമ്മയുടെ കരംപുണർന്നു. ജയേഷിനെ ചേർത്തുനിറുത്തി കവിളിൽ ഒരു മുത്തം നൽകിയിട്ടു പറഞ്ഞു:

“നീ ഒരുപാട് വളർന്നുപോയല്ലോടാ. ഞങ്ങളവിടെനിന്നു പോരുമ്പം നിനക്ക് നാലോ അഞ്ചോ വയസ്സ്. നീ ഓർക്കുന്നുണ്ടോ എന്നെ? എപ്പഴും എന്റെ കയ്യേൽ തൂങ്ങിയല്ലായിരുന്നോ നടപ്പ്. ഞങ്ങളെപ്പഴും നിന്റെ കാര്യം പറയുമായിരുന്നു. പള്ളിപ്പെരുന്നാളിന് തോമാച്ചായന്റെ തോളത്തിരുന്ന് നീ വെടിക്കെട്ടു കണ്ടത് ഓർക്കുന്നുണ്ടോ?”

ഓർമയിൽ വന്നില്ലെങ്കിലും ഉണ്ടെന്ന അർഥത്തിൽ ജയേഷ് തലകുലുക്കി.

“തോമാച്ചായൻ മരിച്ചൂന്നു കേട്ടു. എന്നായിരുന്നു അസുഖം?”

“അസുഖമൊന്നും അല്ലായിരുന്നു സൂസമ്മേ.” സിസിലിയുടെ സന്തോഷം മറഞ്ഞതും മുഖത്തു ദുഃഖം തളംകെട്ടിയതും സൂസമ്മ തിരിച്ചറിഞ്ഞു. സിസിലി പറയുന്നതു കേൾക്കാൻ അവർ കാതുകൂർപ്പിച്ചു.

(തുടരും)



ഇ.വി. നാരായണൻ



# വീട്ടുമുറ്റത്തൊരു വായനശാല

**വാ**യന മരിച്ചു എന്ന നിരാശാപൂർണമായ ആത്മരോദനവും വായന മരിക്കുകയല്ല വായനയെ കൊല്ലുകയാണ് എന്ന പ്രതിരോധചിന്തയും മലയാളിമനസ്സുകളിൽ ഇടം നേടിയിട്ടുണ്ട്.

ഗ്രാമീണവായനശാലകൾ കേവലം പുസ്തകസൂക്ഷിപ്പുകേന്ദ്രങ്ങളായി മാറി.

സ്കൂൾ, കോളജ്, സർവകലാശാല ലൈബ്രറികളും, റഫറൻസ് ഗ്രന്ഥശേഖരങ്ങളടങ്ങിയ പബ്ലിക് ലൈബ്രറികളും സന്ദർശകരില്ലാത്ത ഏകാന്തതാവളങ്ങളുടെ രൂപവും ഭാവവും ആർജിച്ചു.

മലയാളം ക്ലാസുമുറികളിലും അധ്യാപനപരിശീലനകേന്ദ്രങ്ങളിലും മൗനവായന, ശ്രാവ്യവായന തുടങ്ങിയ പാരായണപരമ്പര കേട്ടുകേൾവിയായി മാറി. സഞ്ചാരവേളയിലും വിശ്രമസങ്കേതങ്ങളിലും സഞ്ചിയിൽനിന്നു പുസ്തകം എടുത്തുവായിക്കുന്ന അക്ഷരാന്വേഷികൾ അപൂർവദൃശ്യമായി മാറി.

സ്കൂൾ അസംബ്ലിയിലെ ന്യൂസ് റീഡിങ്, ദൃശ്യശ്രാവ്യമാധ്യമങ്ങളിലെ വാർത്താവായന ഇവയിൽ ഒതുങ്ങി മലയാളിയുടെ പാരമ്പര്യവായന. ഇത്തരം വായനകൾക്കുള്ള വസ്തുതകളും വിജ്ഞാനവും ശേഖരിക്കാൻ പണ്ടത്തെ മലയാളി ആശ്രയിച്ചിരുന്നത് ഗ്രന്ഥാലയങ്ങളെയും സ്വന്തം പുസ്തകശേഖരങ്ങളെയും ആയിരുന്നു. അത്തരം വായനയുടെ സ്രോതസ്സും വറ്റിവരണ്ടു.

മലയാളിയുടെ വിജ്ഞാനദാഹവും വിവരാന്വേഷണമോഹവും തളരുകയല്ല, വളരുകയാണ്. പക്ഷേ, വായനയും പുസ്തകാന്വേഷണവും അസ്തമിച്ചു. ഇത്തരം പദവികളും സ്ഥാനങ്ങളും സൈബറിടങ്ങൾ കൈയടക്കി. ഇ വായനയും ഗൂഗിൾ സേർച്ചും വിജ്ഞാനശേഖരണത്തിനു കുട്ടികൾപോലും ആശ്രയിക്കുന്ന ഒറ്റമൂലിയും ഉറ്റമൂലിയുമായി മാറി. കൈയിലൊരു സ്മാർട്ട് ഫോണുണ്ടെങ്കിൽ അറിവിന്റെ ലോകത്ത് തിളങ്ങാനും വിളങ്ങാനും താരപദവി നേടാനും എല്ലാമായി.

മേല്പറഞ്ഞ നേരനുഭവങ്ങളാണ് വായന മരിച്ചു എന്ന ആത്മരോദനം തേച്ചുമിനുക്കിയെടുത്തുപ്രയോഗിക്കുന്ന വാദമുഖങ്ങൾ.

സമയലാഭം, അധ്വാനമില്ലായ്മ, എവിടെയും എപ്പോഴും കൊണ്ടുനടക്കാനും എടുത്തുപയോഗിക്കാനുമുള്ള ഒതുക്കവും ചാരുതയും, പുനരുപയോഗത്തിനും ഭദ്രമായി സൂക്ഷിച്ചുവയ്ക്കാനുമുള്ള അനായാസസൗകര്യം, മറ്റുള്ളവരുടെ വിജ്ഞാനശേഖരം സ്വീകരിക്കാനും നമ്മുടേതു കൈമാറാനുമുള്ള വിനിമയചാരുത സർവതോഭദ്രമായ സുതാര്യത, സ്വീകാര്യത ഇങ്ങനെ മേന്മകളാൽ സമൃദ്ധമാണ് സൈബർ വിജ്ഞാനീയത്തിന്റെ തട്ടകങ്ങൾ.

ഗുണഗണങ്ങൾ അനുഭവിച്ചറിഞ്ഞ വിജ്ഞാനകുതുകികളും വിവരാന്വേഷികളും തേടുന്ന സൈബറിടങ്ങളുടെ സജീവതയും ജനബാഹുലവും പാരമ്പര്യ വായനയിടങ്ങളിലെ ശൂന്യതയും കാണുമ്പോൾ വായന മരിച്ചു എന്ന ആത്മഗതം പൊതുവികാരമായി മാറുന്നു.

**പുനരുജ്ജീവനത്തിനു പുത്തൻമാർഗങ്ങൾ**

നമുക്കിനി വേണ്ടത് ഗ്രന്ഥശാലകളുടെ പുത്തൻവായനയിടങ്ങളാണ്, അടച്ചുപൂട്ടിയ വമ്പൻ അലമാരകൾ ഇല്ല.

ഇരട്ടവാലനും വേട്ടാളനും പര്യവേക്ഷണം നടത്തുന്ന തടിയൻപുസ്തകങ്ങളും അവയ്ക്കിടയിൽ വിശ്രമിക്കുന്ന ബുക്കുമാർക്കുകളുമല്ല.

പുസ്തകങ്ങളുടെ സാന്നിധ്യവും ശബ്ദവും ഗ്രന്ഥപ്പുരകളിൽനിന്നു വെളിയിൽ കടന്ന് ജനങ്ങൾക്കിടയിൽ വ്യാപിക്കണം.

**ജനകീയ വായനയിടങ്ങൾ**

വീട്ടുമുറ്റങ്ങളിൽ ചേരുന്ന വനിതാസംഘങ്ങൾക്കൊപ്പം വായനസംഘങ്ങളും ഉണ്ടാകുന്നതു വായനയെ വളർത്തുന്നതിനുപകരിക്കും. മീറ്റിങ് കഴിഞ്ഞു. തിരികെപ്പോകുമ്പോൾ വീട്ടിലുള്ള മക്കൾക്കും മറ്റംഗങ്ങൾക്കും സമ്മാനമായി വായിക്കാൻ ഒരു പുസ്തകവും കൊണ്ടുപോകുക. ഒരാൾ ഉച്ചത്തിൽ അക്ഷരസ്ഫുടതയോടെ അതു വായിക്കുക. മറ്റുള്ളവർ കേൾക്കുക. ഒന്നാംതരമൊരു ആസ്വാദകസദസ്സ്. പറ്റിയാൽ ഒരു വായനക്കുറിപ്പും തയ്യാറാക്കുക.

ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ പി.എൻ. പണിക്കർ നമ്മുടെ നാട്ടുമ്പുറങ്ങളിൽ നടപ്പാക്കിയ ഗൃഹസദസ്സിന്റെ പുനരാവിഷ്കാരമാക്കി മാറ്റാം വീട്ടുമുറ്റത്തെ വായനശാലകൾ.

ഇത്തരം ഗ്രൂപ്പുകൾക്കു പുസ്തകങ്ങൾ നൽകാൻ വായനശാലകൾ സന്തോഷത്തോടെ തയ്യാറാകും. വായനശാലയുടെ വിതരണക്കണക്കിൽ വീട്ടുമുറ്റവായനശാലകളുടെ വിതരണം ഉൾപ്പെടുത്തുന്നത്, ഗ്രേഡ് ഉയർത്താനും വീട്ടുമുറ്റത്തെ വായനശാല കർമപദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കാനും സഹായകമാകും. വീട്ടുമുറ്റത്തെ വായനശാല വനിതഗ്രൂപ്പുകൾക്ക് അംഗീകാരവും സമ്മാനവും നേടിത്തരാനും ഇടയാകും. എല്ലാവർക്കും അംഗീകാരം നേടിത്തരുന്ന വീട്ടുമുറ്റത്തെ വായനശാല സംസ്ഥാനതലത്തിൽ മിന്നുന്ന പദ്ധതിയായി മാറും.

വീട്ടകങ്ങളിലൊതുങ്ങിക്കഴിയുന്ന എഴുത്തുകാരിലെ മുത്തുമണികൾ കണ്ടെത്താനും വീട്ടുമുറ്റത്തെ വായനശാല വേദിയൊരുക്കും. പതിനായിരം വായനയിടങ്ങളെയും നാലഞ്ചു ലക്ഷം സ്ത്രീവായനക്കാരെയും സൃഷ്ടിക്കുന്ന സംരംഭം എന്ന നിലയിലേക്ക് വീട്ടുമുറ്റത്തെ വായനശാല ഉയരാം. സ്ത്രീശക്തീകരണത്തിന് അക്ഷരനന്മയുടെ മുഖം ചമയ്ക്കാനും വീട്ടുമുറ്റവായനശാലകൾക്കു കഴിയും. ■



*എം. എം. ബി.സന്ന്യാസസഭാശ്രേഷ്ഠനും നോവലിസ്റ്റുമായിരുന്ന ബ്രദർ ലൂയിസ് മഞ്ഞളി സ്മാരക അവാർഡ്, പാലാ എസ് ഡി കോൺവെന്റ് ഓഡിറ്റോറിയത്തിൽ നടന്ന സാഹിത്യസമ്മേളനത്തിൽ ഡോ. കുര്യാസ് കുമ്പളക്കുഴി സിസ്റ്റർ മേരി ജെയിൻ എസ്.ഡി.ക്കു നല്കുന്നു.*



*എ.കെ.സി.സി. സാഹിത്യഅവാർഡ് നേടിയ അന്തീനാട് ജോസിനെ ഭരണങ്ങാനം ഇൻഫാം ഹാളിൽ ചേർന്ന സമ്മേളനത്തിൽ ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി നിർമലാ ജിമ്മി ആദരിക്കുന്നു. ടോമി തുരുത്തിക്കര, ജോസഫ് കുമ്പുക്കൻ, സന്മനസ്സ് ജോർജ്, ബേബി കയ്യൂർ, റോയി ജേക്കബ്, ജോർജ് കണിയാരകത്ത് എന്നിവർ സമീപം.*

**കവിത**

ഹരി ഏറ്റുമാനൂർ

# വായന... വേദന...



അക്ഷരപ്പൂക്കളിൽ ശലഭങ്ങളാകുമെ-
ന്നക്ഷികൾ വായനയ്,ക്കായുസ്സേകി.
പുസ്തകത്താളുകളേറെ മറിയവേ
മസ്തിഷ്ക്ക,മക്ഷയപാത്രമായി
ആദ്യം കുറിച്ചതു,മാദ്യം വായിച്ചതും
വിദ്യയെന്നാകിൽ ഹരിശ്രീതന്നെ!
അക്ഷതം തന്നിലീ കൈവിരൽത്തുമ്പാൽ സു-
ശിക്ഷിതനാശാൻ പിടിച്ചുമെല്ലെ!
പെൻസിലും പേനയുമായെന്റെ പക്കലോ
തൂലികയെന്നുമുണ്ടായിരുന്നു
പിന്നെയുപേക്ഷിച്ചു, ഫോണിലും കംപ്യൂട്ടർ -
തന്നിലും കൈവിരൽ തൂലികയായ്!
ആദിയുമന്തവും കൈവിരൽത്തൂലിക
മോദമുണർത്തുന്നു, വിസ്മയവും!

വായന തന്നിലുമേതാണ്ടിതുപോലെ
മായികലോകം കടന്നുവന്നു
പുസ്തകവായന നിന്നു, കംപ്യൂട്ടറിൻ
വിസ്തൃതസ്ക്രീനിലും ഫോണിലുമായ്
പിന്നെപ്പതുക്കെച്ചിറകടി,ച്ചിന്നത്
എന്നിലെ എന്നെ ഞാൻ വായിക്കുന്നു!
അക്ഷരമില്ലാത്തൊ,രാത്മാവിൻ വേദനാ -
പക്ഷത്തുചേർന്നു തിരഞ്ഞിടുമ്പോൾ
നിങ്ങളി,ലുൾച്ചേർന്നൊ,രുൾത്താപ,മൊക്കെയും
തൊങ്ങലില്ലാതെ വായിച്ചു തീർത്തു
വേദന, വായന രണ്ടും കലർന്നൊരെൻ
ചേതന വിങ്ങിത്തുടങ്ങിടുമ്പോൾ
ഇപ്രപഞ്ചത്തിന്റെ വേദന,യങ്ങനെ
നിഷ്പ്രയാസം ഞാൻ വായിച്ചുതീർക്കും
ഒക്കെയും വായിച്ചു തീരുന്നതിൻമുമ്പു
ചാക്കാലയെൻ കുടിൽമുറ്റമെത്തും!

Deepanalam Weekly
RNI No : 16998/68
Vol. 57 No. 15 Date of Publication 13 June 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment


# 2024 - 2025 ADMISSION STARTED



## PARAMEDICAL COURSES

### DEGREE COURSES +2 passed students

- B.Sc. Medical Laboratory Technology (B.Sc. MLT)
- B.Sc. Radiography & Imaging Technology (B.Sc. RIT)
- B.Sc. Cardiovascular Technology (B.Sc. CVT)
- B.Sc. Anaesthesia Technology (B.Sc. AT)
- B.Sc. Operation Theatre Technology (B.Sc. OT)
- B.Sc. Dialysis Technology
- B.Sc. Neuro Science Technology
- B.Sc. CSSD

(UGC Approved University Programmes)

### POST GRADUATE COURSES

- M.Sc. MLT
- M.Sc. Biochemistry
- M.Sc. Micro Biology
- MBA Hospital Administration

(UGC Approved University Programmes)

### DIPLOMA COURSES SSLC passed students

- Diploma in Medical Laboratory Technology (DMLT)
- Diploma in Radiography & Imaging Tech. (DRIT)
- Diploma in Anaesthesia Technology (DAT)
- Diploma in Operation Theatre Technology (DOT)
- Diploma in Dialysis Technology
- Diploma in Cardio Vascular Technology (DCVT)
- Diploma in CSSD
- Diploma in Neuro Science Technology

(NCVRT Programmes)

### SHORT TERM COURSES

- Care Taker
- General Duty Assistant
- Geriatric Nursing
- Nursing Assistant

എല്ലാ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു

N.B. • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. • കോളജിനോടനുബന്ധിച്ചുള്ള പ്ലേസ്മെന്റ് സെല്ലിൽനിന്നു പഠിച്ചു വിജയിച്ച് പ്രാക്ടിക്കലിനുശേഷം എല്ലാവർക്കും ജോലി ഏർപ്പെടുത്തി നല്കുന്നതാണ്. • 1972 മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും പ്രമുഖ പാരാമെഡിക്കൽ പരിശീലന കോളജായ ഇവിടെനിന്നും പഠിച്ച് രണ്ടുവർഷത്തെ പ്രവൃത്തിപരിചയം നേടിയതിനുശേഷം താത്പര്യമുള്ളവർക്ക് വിദേശജോലി ലഭിക്കുന്നതിനായി വേണ്ടതായ മാർഗത്തിലൂടെ നിർദേശം നൽകുന്നതാണ്. • 2024 – 25 വിദ്യാഭ്യാസവർഷത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ രക്ഷിതാക്കൾക്കൊപ്പം നേരിട്ടു കോളജിൽ വന്ന് 500 രൂപ ഓഫീസിൽ അടച്ച് പ്രോസ്പെക്ടസും അപേക്ഷാഫാറവും വാങ്ങി എത്രയുംവേഗം പൂരിപ്പിച്ചു നൽകേണ്ടതാണ്.

BHARAT GROUP OF INSTITUTIONS Since 1976

# BHARAT

## EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE

ANDOOR, PALA, KOTTAYAM (PALA - VAIKOM ROUTE)

Phone: 9447507858, 04822-250310, 8921712807

# തമ്പാൻസ് മേവട മെഡിക്കൽ സെന്റർ

Estd: 1925

പി.ഒ. മേവട, കോട്ടയം - 686 573


Ph: 04822 - 269155, Mob: 9400869155 (വൈദ്യശാല)

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവുംകൊണ്ടു വളർന്ന ഒരു സ്ഥാപനം. 99 ൽ പരം വർഷത്തെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ–സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.

ഫിസിഷ്യൻസ്
1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil Surgeon) (എല്ലാ ദിവസവും)
2. കെ. രാജഗോപാൽ B.Sc. B.A.M (എല്ലാ ദിവസവും)


(ശ്രീ തമ്പാൻ വൈദ്യൻ (കെ.കെ. കർത്താ)

90–ൽപരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...



നവീകരിച്ച വൈദ്യശാല

# S.S.V. ഫാർമസി

കരിങ്കുന്നം P.O. തൊടുപുഴ

Ph: 04862 - 242287, 9496895411

എല്ലാവിധ ആയുർവ്വേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം

ചീഫ് ഫിസിഷ്യൻ: ഡോ. ജയഘോഷ് BAMS

പരിശോധനസമയം: രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ,
ഞായർ അവധി

## ഹോമിയോ ക്ലിനിക്

ഡോ. അനു ജയഘോഷ് BHMS


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org